**അടിയന്തരപ്രമേയം**

കെ.എസ്.ആർ.ടി.സി. മിന്നൽ പണിമുടക്ക്

മി. സ്പീക്കർ: ഇന്നലെ തലസ്ഥാനത്തുണ്ടായ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ മിന്നൽ പണിമുടക്കിനെത്തുടർന്ന് ഒരു യാത്രക്കാരന് യഥാസമയം ചികിത്സ ലഭിക്കാതെ മരണമടഞ്ഞതും പൊതുജനങ്ങൾക്ക് യാത്രാക്ലേശമുണ്ടായതും സർക്കാർ ഇക്കാര്യത്തിൽ യഥാസമയം ഇടപെടാത്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, മഞ്ഞളാംകുഴി അലി, അനൂപ് ജേക്കബ്, ഡോ. എൻ. ജയരാജ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, തിരുവനന്തപുരത്ത് ആറ്റുകാൽ ഉത്സവവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ ബസ് സർവ്വീസുകൾ നടത്തുന്നതിന് കിഴക്കേകോട്ട സിറ്റി ബസ്സ്റ്റാന്റിൽ പോലീസ് ചില സുരക്ഷാ ക്രമീകരണങ്ങൾ വരുത്തിയിരുന്നു. 04-03-2020-ന് രാവിലെ സജിത്ത് എന്ന

പ്രൈവറ്റ് ബസ് കിഴക്കേകോട്ട സ്റ്റോപ്പിൽനിന്നല്ലാതെ ഗാന്ധിപാർക്കിന് സമീപത്തുനിന്ന് യാത്രക്കാരെ കയറ്റിയെന്നും സമയക്രമം തെറ്റിച്ച് ബസ് ഓപ്പറേറ്റ് ചെയ്തുവെന്നും ആരോപിച്ച് കെ.എസ്.ആർ.ടി.സി. ജീവനക്കാരും സ്വകാര്യ ബസ്സിലെ ജീവനക്കാരും തമ്മിൽ സംഘർഷമുണ്ടായി. സ്വകാര്യ ബസ്സിനെ കെ.എസ്.ആർ.ടി.സി. ജീവനക്കാർ സംഘം ചേർന്ന് തടഞ്ഞു. അവർ തമ്മിലുള്ള സംഘർഷത്തെക്കുറിച്ചുള്ള വിവരത്തിന്റെ അടിസ്ഥാനത്തിൽ ഫോർട്ട് പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പോലീസ് സ്ഥലത്തെത്തി. പ്രൈവറ്റ് ബസ്സിലെ കണ്ടക്ടറെ മർദ്ദിക്കുന്നതുകണ്ട പോലീസ് അത് തടയാൻ ശ്രമിച്ചപ്പോൾ എ.ടി.ഒ. ഉൾപ്പെടെയുള്ള കെ.എസ്.ആർ.ടി.സി. ജീവനക്കാർ പോലീസിന്റെ കൃത്യനിർവ്വഹണം തടസ്സപ്പെടുത്തി. സംഭവത്തിൽ ഒരു സിവിൽ പോലീസ് ഓഫീസർക്ക് പരിക്കേറ്റിട്ടുണ്ട്. ഇതിനിടയിൽ ഫോർട്ട് പോലീസ് സ്റ്റേഷനിൽനിന്നും കൂടുതൽ പോലീസ് സ്ഥലത്തെത്തി. പരിക്കേറ്റ പോലീസുദ്യോഗസ്ഥനെ ചികിത്സയ്ക്കയച്ചശേഷം സംഭവത്തിലുൾപ്പെട്ട കെ.എസ്.ആർ.ടി.സി. സിറ്റി ഡിപ്പോയിലെ അഞ്ച് ജീവനക്കാരെ പോലീസ് കസ്റ്റഡിയിലെടുത്തു. ഇവർക്കെതിരെ ഫോർട്ട് പോലീസ് സ്റ്റേഷനിൽ IPC 143, 147, 149, 294(b),

353, 332 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 495/2020 നമ്പരായി കേസ് രജിസ്റ്റർ ചെയ്തു. പ്രൈവറ്റ് ബസ് തടയുകയും സ്ഥലത്തെത്തിയ പോലീസുദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം നിൽക്കുകയും ഇതിനുപുറമെ മറ്റൊരു സ്വകാര്യ ബസ്സിലെ കണ്ടക്ടറെ ചില ജീവനക്കാർ ദേഹോപദ്രവം ഏല്പിക്കുകയും ചെയ്തിരുന്നതായാണ് റിപ്പോർട്ട്. സ്വകാര്യ ബസ്സിലെ കണ്ടക്ടറുടെ മൊഴിയുടെ അടിസ്ഥാനത്തിൽ IPC 294(b), 323, 34 എന്നീ വകുപ്പുകൾ പ്രകാരം അഞ്ച് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കെതിരെ ഫോർട്ട് പോലീസ് സ്റ്റേഷനിൽ ക്രൈം 497/2020 നമ്പരായി മറ്റൊരു കേസും രജിസ്റ്റർ ചെയ്തു. തുടർന്ന് കെ.എസ്.ആർ.ടി.സി. ജീവനക്കാരായ ഒരുകൂട്ടം ആളുകൾ രാവിലെ 11.30 മണിയോടെ ഫോർട്ട് പോലീസ് സ്റ്റേഷന് മുൻവശത്തുള്ള റോഡിൽ സംഘം ചേർന്ന് വാഹനങ്ങൾ തടയുകയും ഓട്ടോറിക്ഷ ഡ്രൈവർമാരെയും മറ്റും ആക്രമിക്കുകയും ചെയ്തു. ഈ സംഭവത്തിൽ പരിക്കേറ്റ ദീപക് രാജ് എന്ന ഓട്ടോറിക്ഷ ഡ്രൈവറുടെ മൊഴിയുടെ അടിസ്ഥാനത്തിൽ IPC 294(b), 341, 323, 506, 34 വകുപ്പുകൾ പ്രകാരം മൂന്ന് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കെതിരെ ഫോർട്ട് പോലീസ് സ്റ്റേഷനിൽ ക്രൈം 496/2020 നമ്പരായി കേസ് രജിസ്റ്റർ ചെയ്തു.

കെ.എസ്.ആർ.ടി.സി. ജീവനക്കാരെ കസ്റ്റഡിയിലെടുത്ത കാരണം പറഞ്ഞ് അവശ്യ സർവ്വീസായ കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർ മിന്നൽ പണിമുടക്കാണ് നടത്തിയത്. 04-03-2020-ന് രാവിലെ 10.30 മണിമുതൽ ഏതാണ്ട് വൈകുന്നേരം 4.00 മണിവരെ അട്ടക്കുളങ്ങര മുതൽ പഴവങ്ങാടി വരെയുള്ള പൊതുനിരത്തിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ തലങ്ങും വിലങ്ങും പാർക്ക് ചെയ്ത് നഗരത്തിൽ വാഹനങ്ങൾക്കും കാൽനട യാത്രക്കാർക്കും ഗതാഗത തടസ്സം സൃഷ്ടിച്ചു. ഇക്കാര്യത്തിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ഡ്രൈവർമാർക്കെതിരെ IPC 188, 283, 34 & The Essential Services Maintenance Act-ലെ 4, 5 എന്നീ വകുപ്പുകൾ പ്രകാരം ഫോർട്ട് പോലീസ് സ്റ്റേഷനിൽ ക്രൈം 499/2020 നമ്പരായി കേസ് രജിസ്റ്റർ ചെയ്തു. കൂടാതെ രാവിലെ 11.30 മണിയോടെ തമ്പാനൂരിൽ കെ.എസ്.ആർ.ടി.സി. ബസുകൾ തലങ്ങും വിലങ്ങും പാർക്ക് ചെയ്ത് ഗതാഗത തടസ്സം സൃഷ്ടിച്ചതിന് IPC 143, 147, 149, 188, 283 എന്നീ വകുപ്പുകൾ പ്രകാരം തമ്പാനൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 450/2020 നമ്പരായി ബസുകളുടെ ഡ്രൈവർമാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു. കെ.എസ്.ആർ.ടി.സി. ജീവനക്കാർ 04-03-2020-ൽ മിന്നൽ പണിമുടക്ക് നടത്തുകയും ഗതാഗത

തടസ്സം സൃഷ്ടിക്കുകയും ചെയ്തതിനിടെ കിഴക്കേകോട്ട കെ.എസ്.ആർ.ടി.സി. സ്റ്റാന്റിൽ ബസ് കാത്ത് നിൽക്കുകയായിരുന്ന കടകംപള്ളി സ്വദേശി സുരേന്ദ്രൻ എന്ന വ്യക്തി 04-03-2020-ന് വൈകിട്ട് 3.00 മണിയോടെ ബസ് സ്റ്റാന്റിൽ കുഴഞ്ഞുവീഴുകയുണ്ടായി. അദ്ദേഹത്തെ പോലീസ് ആംബുലൻസിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിലെത്തിച്ചെങ്കിലും 3.15 മണിയോടെ സുരേന്ദ്രൻ മരണപ്പെട്ടു. മരണപ്പെട്ട സുരേന്ദ്രന്റെ മകളുടെ ഭർത്താവിന്റെ മൊഴി രേഖപ്പെടുത്തി ക്രിമിനൽ നടപടിക്രമം 174 വകുപ്പ് പ്രകാരം ഫോർട്ട് പോലീസ് സ്റ്റേഷനിൽ ക്രൈം 500/2020 നമ്പരായി കേസ് രജിസ്റ്റർ ചെയ്തു. 04-03-2020-ന് രാവിലെ 9.40 മണിയോടെ കിഴക്കേകോട്ടയിൽനിന്നും കസ്റ്റഡിയിലെടുത്ത മൂന്ന് കെ.എസ്.ആർ.ടി.സി. ജീവനക്കാരെ വൈകുന്നേരം 5.10 മണിയോടെ ജാമ്യത്തിൽ വിട്ടയച്ചു. സംസ്ഥാനത്തെ ജനങ്ങളുടെ സ്വൈരജീവിതം തടസ്സപ്പെടുത്തുന്ന ഇത്തരം മിന്നൽ സമരങ്ങളെ ഒരിക്കലും അംഗീകരിക്കാനാവില്ല. പ്രത്യേകിച്ച് നഗരമൊട്ടുക്കും ഉത്സവാന്തരീക്ഷം നിലനിൽക്കുന്ന ഘട്ടത്തിൽ ഇന്നലെ നടന്ന സമരം ഒഴിവാക്കപ്പെടേണ്ടതായിരുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുണ്ടായ വീഴ്ച പരിശോധിക്കും. സംഭവത്തെക്കുറിച്ച്

അന്വേഷിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ടും ലഭിച്ചിട്ടുണ്ട്. വിശദമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദികളെന്ന് കണ്ടെത്തുന്ന ആളുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയുമുണ്ടാകില്ല. ഈ സാഹചര്യത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇത്രയും ഗൗരവമുള്ള വിഷയം ഇന്നലെ സഭ പിരിയുന്നതിനുമുമ്പ് ഞാനിവിടെ ഉന്നയിച്ചതാണ്. അതിനുമുമ്പ് ഞാൻ ഗതാഗത വകുപ്പുമന്ത്രിക്കും കത്ത് കൊടുത്തിരുന്നതാണ്. ഇന്നലെ തലസ്ഥാനത്ത് ഇത്രയും വലിയൊരു സംഭവമുണ്ടായിട്ട് ഗതാഗത വകുപ്പുമന്ത്രി ഇന്നിവിടെ ഉണ്ടാകേണ്ടതായിരുന്നു. അദ്ദേഹത്തിന് അസൗകര്യമുണ്ടെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുണ്ടാകണമായിരുന്നു. ട്രാൻസ്പോർട്ട്, പോലീസ് എന്നീ രണ്ട് വകുപ്പുകളുമായി ബന്ധപ്പെട്ട് ഈ തലസ്ഥാനം നേരിട്ട വളരെ ഗുരുതരമായ പ്രശ്നത്തെ ഇത്രയും ലാഘവത്തോടെ അദ്ദേഹം മറുപടി പറഞ്ഞത് ശരിയാണോ? (....ബഹളം.....)

മി. സ്പീക്കർ: ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ നിലപാട് കൃത്യമായും അദ്ദേഹം പറയും. (....ബഹളം.....) അത് ഇന്ന ആളുതന്നെ വേണമെന്ന് വാശി പിടിക്കരുത്. വ്യക്തിപരമായ പല പ്രയാസങ്ങളുമുണ്ടാകും. സഭയിൽ ഹാജരാകാൻ നമുക്കും ബുദ്ധിമുട്ടുണ്ടാകാറുണ്ട്. അതിനെ അങ്ങനെ കാണേണ്ടതില്ല. സർക്കാർ അതിൽനിന്നും ഒഴിഞ്ഞുമാറിയിട്ടില്ല. അതിനായി ഒരാളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം കൃത്യമായി മറുപടി പറഞ്ഞിട്ടുണ്ട്. (....ബഹളം.....) നമുക്കെല്ലാവർക്കും ചില ദിവസം സഭയിൽ ഹാജരാകാൻ കഴിയാത്ത പ്രശ്നങ്ങളുണ്ടാകാറില്ലേ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഗതാഗത വകുപ്പുമന്ത്രിക്ക് അസൗകര്യമാണെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മറുപടി പറയാമായിരുന്നില്ലേ; പോലീസും ട്രാൻസ്പോർട്ടും തമ്മിലുള്ള പ്രശ്നമല്ലേ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി എവിടെപ്പോയി?

മി. സ്പീക്കർ: ശ്രീ. കടകംപള്ളി സുരേന്ദ്രനെ ആതറൈസ് ചെയ്തുകൊണ്ട് അദ്ദേഹം മറുപടി പറയും. അദ്ദേഹത്തിന്റെ മറുപടി തൃപ്തികരമല്ലെങ്കിൽ അപ്പോൾ സംസാരിച്ചാൽ മതി.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇതുസംബന്ധിച്ച നോട്ടീസ് കൊടുത്തത്

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണ്. അദ്ദേഹം ഇതുവരെ സഭയിലുണ്ടായിരുന്നു. ഇപ്പോൾ അദ്ദേഹം ഇവിടെനിന്നും പോയി.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെത്തന്നെയുണ്ട്. ഒരു അത്യാവശ്യ കാര്യത്തിനുവേണ്ടി പോയതാണ്. അദ്ദേഹം ഇതെല്ലാം നിരീക്ഷിക്കുന്നുണ്ട്. അടിയന്തരമായി സഭയിലെത്തും. (....ബഹളം.....)

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇങ്ങനെയുള്ള നിലപാട് സ്വീകരിക്കരുത്. സർക്കാരിന്റെ അഭിപ്രായം പറയാനുള്ള അവകാശം എല്ലാ മന്ത്രിമാർക്കുമുണ്ടെന്നുള്ളത് മനസ്സിലാക്കണം. (....ബഹളം.....)

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. ഒരു മന്ത്രിയില്ലെങ്കിൽ മറ്റൊരു മന്ത്രിയെ ചുമതലപ്പെടുത്തുന്നതിൽ തെറ്റൊന്നുമില്ല. (....ബഹളം.....)

മി. സ്പീക്കർ: പ്രതിപക്ഷനേതാവ് സംസാരിക്കുകയാണ്. അംഗങ്ങൾ സീറ്റിലിരിക്കു.

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരളത്തിൽ ഒരിക്കലുമുണ്ടാകാത്ത നിലയിൽ തലസ്ഥാന നഗരം 5 മണിക്കൂർ സ്തംഭിപ്പിച്ച സംഭവമാണിത്.

മി. സ്പീക്കർ: അതാണല്ലോ ശ്രീ. എം. വിൻസെന്റ് പറയാൻ പോകുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അതീവ ഗൗരവമുള്ള വിഷയമാണിത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയുണ്ട്, ഇതെല്ലാം കേൾക്കുകയാണെന്ന് പറഞ്ഞാൽ ഞങ്ങളെ വെറും പൊട്ടന്മാരാക്കുകയാണോ? (....ബഹളം.....)

മി. സ്പീക്കർ: ദയവായി ആര് പറയണം, എന്ത് പറയണമെന്ന് നിങ്ങൾ തീരുമാനിക്കരുത്. അത് ശരിയല്ല. ഇത് കൂട്ടുത്തരവാദിത്വമുള്ള മന്ത്രിസഭയാണ്. ആ മന്ത്രിസഭയിലെ ഒരാൾ മറ്റൊരാളെ ചുമതലപ്പെടുത്തിയാൽ അത് ഗവൺമെന്റിന്റെ അഭിപ്രായമാണ്. (....ബഹളം.....)

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കല്ലേ ഞങ്ങൾ നോട്ടീസ് കൊടുത്തത്. അദ്ദേഹം വളരെ ലാഘവത്തോടെയാണ് ഇതിനെ കാണുന്നത്. (....ബഹളം.....)

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ് സംസാരിക്കൂ.

ശ്രീ. എം. വിൻസെന്റ്: സർ, ഇന്നലെ നടന്ന അതീവഗുരുതരമായ ഈ സംഭവത്തിൽ സർക്കാർ കാണിച്ച തികഞ്ഞ അലംഭാവമാണ് ഇന്നും തുടരുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയുണ്ടെന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറയുകയാണ്. മുഖ്യമന്ത്രി ഇവിടെയുണ്ടായിരുന്നിട്ടും ഒരു

പ്രതിപക്ഷാംഗം ഉന്നയിക്കുന്ന അടിയന്തരപ്രമേയത്തിന് മറുപടി പറയാതെ മുഖ്യമന്ത്രി ഒളിച്ചോടിയിരിക്കുകയാണ്. അല്ലെങ്കിൽ ഇവിടെയുണ്ടായിരുന്ന മുഖ്യമന്ത്രിക്ക് എന്തുകൊണ്ടാണ് ഈ സഭയിൽ വന്ന് ഇന്നലെ നടന്ന സംഭവങ്ങൾക്ക് കൃത്യമായ  വിശദീകരണം നൽകാൻ സാധിക്കാത്തത്?  ഇത് തികഞ്ഞ അലംഭാവമാണ്.  സാധാരണയായി മുഖ്യമന്ത്രി ഇല്ലെങ്കിൽ മുതിർന്ന മന്ത്രിയെന്ന നിലയ്ക്ക്......

മി. സ്പീക്കർ: മന്ത്രിസഭയ്ക്കുവേണ്ടിയല്ലേ, ഇവിടെ സംസാരിക്കുന്നത്.   ശ്രീ. എം. വിൻസെന്റ് ദയവായി അത് ഡിറ്റാക്ക് ചെയ്യരുത്. അത് ശരിയല്ല. നിങ്ങൾക്ക് പറയാനുള്ള വിഷയം അവതരിപ്പിക്കൂ. (.......ബഹളം.....)

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ പറയട്ടെ, വ്യവസായ വകുപ്പുമന്ത്രിയാണ് സാധാരണ മുഖ്യമന്ത്രിക്കുവേണ്ടി മറുപടി പറയുന്നത്.

മി. സ്പീക്കർ: എന്താണ് ഈ പറയുന്നത്; മന്ത്രിസഭയിൽ ആര് പറയണമെന്നാണ് നിങ്ങൾ ആവശ്യപ്പെടുന്നത്?

ശ്രീ. ഇ. പി. ജയരാജൻ: സർ, നിങ്ങളുടെ കാലത്തുള്ളത് പോലെയല്ല. കൂട്ടമന്ത്രിസഭയാണ്. അതിന്റെ അടിസ്ഥാനത്തിൽ ഒരു മന്ത്രിയെ ഈ കാര്യങ്ങൾക്ക് മറുപടി  പറയാൻ ചുമതലപ്പെടുത്തിയതാണ്.  അദ്ദേഹത്തിന്

കുടുംബപരമായ പ്രശ്നമുള്ളതുകൊണ്ട് അത്യാവശ്യമായി ഇന്നലെ പോകേണ്ടി വന്നു. മനുഷ്യരല്ലേ; പലതും സംഭവിക്കാമല്ലോ, അതുകൊണ്ട് പോകേണ്ടിവന്നു. ഇത് സാമാന്യരീതിയിൽ നമുക്കെല്ലാം മനസ്സിലാക്കാവുന്നതല്ലേ. ഈ കാര്യങ്ങളെക്കുറിച്ചുള്ള വിഷയങ്ങൾ അവതരിപ്പിക്കുക, വിശദമായി ചർച്ച ചെയ്യാം; നമുക്ക് കൂട്ടായി പരിശോധിക്കാം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണ് നോട്ടീസ് കൊടുത്തത്. ഗതാഗത വകുപ്പുമന്ത്രിക്ക് വ്യക്തിപരമായ ആവശ്യമുള്ളതുകൊണ്ട് പോകുന്നതിൽ തെറ്റൊന്നുമില്ല. പക്ഷെ, മുഖ്യമന്ത്രിക്ക് കൊടുത്ത നോട്ടീസ്, അദ്ദേഹം ഇവിടെയുണ്ടായിരുന്നു. മുഖ്യമന്ത്രി സഭയിൽ ഇല്ലായിരുന്നുവെങ്കിൽ അത് മനസ്സിലാക്കാം.

<u>മി. സ്പീക്കർ</u>: മുഖ്യമന്ത്രിക്ക് കൊടുത്ത നോട്ടീസ് ഓതറൈസ് ചെയ്യുന്നത് ആദ്യമായാണോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, എത്രയോ തവണ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി മുഖ്യമന്ത്രിക്കുവേണ്ടി മറുപടി പറഞ്ഞിട്ടുണ്ട്. ഞങ്ങൾ എതിർത്തിട്ടുണ്ടോ? അത് സാധാരണഗതിയിൽ നടക്കുന്ന നടപടി ചട്ടമാണ്.

ഞങ്ങൾക്കത് മനസ്സിലാകും. ഇത്രയും വലിയ ഗൗരവതരമായ ഒരു പ്രശ്നമുണ്ടായപ്പോൾ ഇതുവരെ മുഖ്യമന്ത്രി ഇവിടെയുണ്ടായിരുന്നു. ഈ സംഭവത്തെ എത്ര ലാഘവബുദ്ധിയോടെ കാണുന്നുവെന്നതിന് ഉദാഹരണമല്ലേ?

മി. സ്പീക്കർ: ദയവായി അങ്ങനെ കാണരുത്.

ശ്രീ. എം. വിൻസെന്റ്: സർ, ഈ ഗൗരവതരമായ സംഭവത്തെ ഗവൺമെന്റ് ഇപ്പോഴും അലംഭാവത്തോടുകൂടിയാണ് കാണുന്നത്. ഇതിന് യാതൊരു ഗൗരവവും ഗവൺമെന്റ് കൊടുക്കുന്നില്ല. തിരുവനന്തപുരത്തിന്റെ മന്ത്രിയായ ബഹുമാനപ്പെട്ട കടകംപള്ളി സുരേന്ദ്രനെയാണ് ചുമതലപ്പെടുത്തിയത്. ഇന്നലെ ഈ സംഭവമുണ്ടായിട്ട് ഇന്ന് രാവിലെ അടിയന്തരപ്രമേയത്തിന് അദ്ദേഹത്തെ ചുമതലപ്പെടുത്തിയതിനുശേഷമാണ് മരണപ്പെട്ട ആളിന്റെ വീട്ടിലേയ്ക്ക് പോകുവാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറായത്. ജ്വല്ലറി മുതൽ ബ്യൂട്ടിപാർലർ വരെ ഉദ്ഘാടനം ചെയ്യാൻ പോകുന്ന മന്ത്രി ഇത്രയും വലിയൊരു സംഭവമുണ്ടായിട്ട് അവിടേയ്ക്ക് തിരിഞ്ഞുനോക്കാൻ കൂട്ടാക്കിയില്ല. പ്രതിപക്ഷനേതാവ് പോയില്ലേ; ഉപനേതാവ് പോയില്ലേ; ഈ ഗവൺമെന്റിനെ പ്രതിനിധീകരിച്ച് ഇന്നലെ ഏതെങ്കിലും ഒരു മന്ത്രി പോകണ്ടേ? ഇത്രയും ഗുരുതരമായ ഒരു സാഹചര്യത്തെ

ഇത്രയും ലാഘവത്തോടുകൂടി എന്തും സംഭവിച്ചോട്ടെ, തിരുവനന്തപുരത്ത് എന്ത് സംഭവിച്ചാലും കുഴപ്പമില്ല; തലസ്ഥാന നഗരത്തിൽ 6 മണിക്കൂർ ജനങ്ങളെ ഈ നിലയിൽ ബുദ്ധിമുട്ടിച്ച ഒരു സംഭവത്തെക്കുറിച്ച് ആരായാൻ സർക്കാരിന്റെ ഭാഗത്തുനിന്ന് ആരെങ്കിലും ഒരാൾ പോകണ്ടേ?

ഇവിടെ പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെ, കേരളത്തിൽ സമാനതകളില്ലാത്ത ഒരു സംഭവമാണുണ്ടായിരിക്കുന്നത്. ഇന്നുവരെ കണ്ടിട്ടില്ലാത്ത സംഭവ പരമ്പരകൾക്കാണ് ഇന്നലെ രാവിലെ 9.00 മണിമുതൽ തലസ്ഥാന നഗരം സാക്ഷ്യം വഹിച്ചിട്ടുള്ളത്. കെ.എസ്.ആർ.ടി.സി. ജീവനക്കാരും പോലീസും ഗവൺമെന്റും കൂടി 6 മണിക്കൂർ ജനങ്ങളെ ബന്ദിയാക്കി വച്ചു. ഇന്നലെ ഈ സംഭവങ്ങളെല്ലാം നടക്കുമ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ ഡിമാന്റ് ചർച്ചയും ഇവിടെ നടക്കുകയായിരുന്നു. ഇവിടെ ഇന്നലെ കെ.എസ്.ആർ.ടി.സി-യെ രക്ഷപ്പെടുത്തിയതിന്റെ വീരകഥകളെല്ലാം മന്ത്രി വിശദീകരിച്ചു. അദ്ദേഹം ഐ.സി.യു.-വിൽ കിടന്ന കെ.എസ്.ആർ.ടി.സി.-യെ വാർഡിലേയ്ക്ക് മാറ്റിയ വീരനായകനാണെന്നും കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാൻ ജന്മംകൊണ്ട അവതാരപുരുഷനാണെന്നുവരെ അഭിനന്ദന കമ്മിറ്റിക്കാർ ഇവിടെ വാനോളം

പുകഴ്ത്തി. അങ്ങനെ വാനോളം പുകഴ്ത്തുന്ന ഈ സന്ദർഭത്തിൽ പരീക്ഷയ്ക്ക് പോകാൻ കഴിയാതെ, ആശുപത്രിയിലേയ്ക്ക് പോകാൻ കഴിയാതെ, ജോലിക്ക് പോകാൻ കഴിയാതെ പ്രായം ചെന്ന വൃദ്ധരും പെൺകുട്ടികളും ഗർഭിണികളും രോഗികളുമടക്കമുള്ള ആളുകൾ പൊരിവെയിലത്ത് 6 മണിക്കൂർ നിൽക്കുകയുണ്ടായി. ആ സംഭവമുണ്ടായപ്പോൾ ഇത് തലസ്ഥാനമല്ലേ, നിയമസഭ നടക്കുകയല്ലേ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും ഉണ്ടല്ലോ, ഈ സംഭവം നിമിഷനേരംകൊണ്ട് പരിഹരിക്കുമെന്ന് ജനങ്ങൾ വിചാരിച്ചു. അങ്ങനെ വിചാരിച്ച ആളുകളെയെല്ലാം അനാഥരാക്കിക്കൊണ്ട് ആരും തിരിഞ്ഞുനോക്കിയില്ല. എവിടെയായിരുന്നു മുഖ്യമന്ത്രിയും മന്ത്രിമാരും? കെ.എസ്.ആർ.ടി.സി.-യുടെ മാനേജ്മെന്റ് എവിടെയായിരുന്നു; പോലീസിന്റെ അധികാരികൾ എവിടെയായിരുന്നു; ആരാണ് ജനങ്ങൾക്ക് സംരക്ഷണം കൊടുക്കേണ്ടത്; ആരാണ് ജനങ്ങൾക്കുവേണ്ടി നിലപാട് എടുക്കേണ്ടത്; ആരാണ് ഈ സംഭവത്തിൽ ഇടപെടേണ്ടത്; ആരാണ് ഇത് പരിഹരിക്കേണ്ടത്? ഒരു ഫോൺ കോൾ കൊണ്ട് ഒരു മിനിറ്റിൽ പരിഹരിക്കാൻ കഴിയുന്ന ഈ വിഷയം സർക്കാരിന്റെ കെടുകാര്യസ്ഥതമൂലം 6 മണിക്കൂർ മുന്നോട്ടുപോയി.

അങ്ങ് പറഞ്ഞതുപോലെ, എനിക്ക് തോന്നുന്നു, ബഹുമാനപ്പെട്ട മന്ത്രിക്ക് പരിചയമുള്ള ആളായിരിക്കും; കടകംപള്ളി സ്വദേശി. ആ 6 മണിക്കൂർ കാത്തുനിന്ന് ഹൃദ്രോഗിയായ സുരേന്ദ്രൻ എന്ന സാധുമനുഷ്യൻ ഹൃദയം പൊട്ടിയാണ് മരിച്ചത്. നമുക്കറിയാം, ഹൃദ്രോഗിയായ ഒരാൾക്ക് അധികം സ്ട്രെസ്സ് കൊടുക്കാൻ പാടില്ല. രാവിലെ മരുന്നുവാങ്ങാൻ കിഴക്കേകോട്ടയിൽ വന്ന ആ സാധുമനുഷ്യൻ ഒരു ഓട്ടോറിക്ഷ പിടിച്ച് വീട്ടിൽ പോകാൻ പണമില്ലാത്ത പാവപ്പെട്ടവനാണ്. കടക്കെണിയിലായി സ്വന്തം വീട് വിറ്റ് ഭാര്യാസഹോദരിയുടെ വീട്ടിൽ താമസിക്കുന്ന ഇവരെ ലൈഫിന്റെ കമ്മിറ്റിക്കാർ ആരും കണ്ടിട്ടില്ല. ഭാര്യാവീട്ടിൽ താമസിക്കുന്ന ആ പാവപ്പെട്ട മനുഷ്യൻ, രണ്ട് പെൺകുട്ടികളുടെ പിതാവായ സുരേന്ദ്രൻ ഇന്ന് ദാരുണമായി മരണപ്പെടുകയുണ്ടായി. മരുന്നുവാങ്ങാൻ വന്ന ആ സാധുമനുഷ്യന്റെ മുമ്പിൽ മിന്നൽ പണിമുടക്ക് മരണദൂതനായി വന്ന് അദ്ദേഹത്തിന്റെ ജീവൻ അപഹരിക്കുകയുണ്ടായി. പൊരിവെയിലത്ത് മണിക്കൂറുകളോളം കാത്തുനിന്ന് മരണത്തിന് കീഴടങ്ങേണ്ടിവന്ന ആ മനുഷ്യൻ ഈ സർക്കാരിന്റെ നിഷ്ക്രിയത്വത്തിന്റെ ഇരയാണ്. ഇതിന്റെ vicarious liability സർക്കാരിനാണ്; മുഖ്യമന്ത്രിക്കാണ്. അതിൽ നിന്ന് ഈ സർക്കാരിന് ഒഴിഞ്ഞുമാറാൻ കഴിയില്ല.

ഡൽഹി കലാപത്തിൽ ഭരണകൂടം നിഷ്ക്രിയമായതിനെക്കുറിച്ച് നമ്മൾ വിമർശിച്ചു. 6 മണിക്കൂർ കലാപസമാനമായ ഒരു അന്തരീക്ഷം ഇവിടെയുണ്ടായപ്പോൾ നിഷ്ക്രിയത്വത്തിൽ ഡൽഹി ഭരണകൂടത്തെ ഓർമ്മിപ്പിക്കുന്ന ഒരു ഗവൺമെന്റല്ലേ ഇവിടെയുണ്ടായത്? 9.10-ന് തൃക്കണ്ണാപുരത്തുനിന്ന് സർവ്വീസ് തുടങ്ങേണ്ട സ്വകാര്യബസ് 9.00 മണിക്ക് തന്നെ കിഴക്കേകോട്ടയിൽ നിന്ന് സർവ്വീസ് ആരംഭിക്കുകയാണ്. ഇതിനെ ചോദ്യം ചെയ്ത കെ.എസ്.ആർ.ടി.സി. ജീവനക്കാർ അതിനെ തടഞ്ഞു. ആ കെ.എസ്.ആർ.ടി.സി. ജീവനക്കാർ തന്നെയാണ് പോലീസിനെ അറിയിച്ചത്. പോലീസ് വന്നപ്പോൾ കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥരും പോലീസും തമ്മിൽ വാഗ്വാദമായി. എന്നിട്ട് പോലീസ് സ്വകാര്യ ബസിനെ പോകാൻ അനുവദിച്ചു. അവിടെ തീരുകയാണ് സംഭവം.

അതിനുശേഷം ഡി.റ്റി.ഒ.-യും ജീവനക്കാരും ആറ്റുകാൽ പൊങ്കാലയ്ക്കുവേണ്ടി പ്രത്യേകമായി സജ്ജീകരിച്ചിട്ടുള്ള സ്റ്റേഷൻ മാസ്റ്റർ ഓഫീസിലേയ്ക്ക് പോയി, 20 മിനിറ്റ് കഴിഞ്ഞതിനുശേഷം ഫോർട്ട് പോലീസ് വരികയാണ്. ഡിസ്ട്രിക് ട്രാൻസ്പോർട്ട് ഓഫീസറെ ക്രിമിനലുകളെ പിടിക്കുന്നതുപോലെ കഴുത്തിന് കുത്തിപ്പിടിച്ച് കോളറിൽ തൂക്കിയെടുത്ത്

പോലീസ് ജീപ്പിലേയ്ക്ക് ഇടുകയാണ്. സമൂഹമാധ്യമങ്ങളിലെല്ലാം ആ ദൃശ്യങ്ങൾ വന്നിരിക്കുകയാണ്. തൂക്കിയെടുത്ത് ഇടുന്ന സമയത്ത് സർക്കിൾ ഇൻസ്പെക്ടർ മൊബൈൽ ഫോണിലൂടെ 'ശ്യാമേ നീ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തോ ഇവന്മാരുടെ കാര്യം ഞാൻ നോക്കിക്കൊള്ളാം' എന്നുപറഞ്ഞ് അവരെ പോലീസ് സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോകുകയാണ്. ഇതാണ് പോലീസിന്റെ അതിക്രമം. അതിനുശേഷം നടന്ന സംഭവങ്ങൾ ഇന്നുവരെ ഒരു ജീവനക്കാരനും കാണിക്കാൻ കഴിയാത്തതരത്തിലുള്ള നിരുത്തരവാദപരമായ നടപടിയാണ് ജീവനക്കാർ കാണിച്ചിട്ടുള്ളത്. ഒരു ന്യായീകരണവും അർഹിക്കാത്തതാണ് കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഭാഗത്തുനിന്നുണ്ടായത്. ആദ്യം സിറ്റി ഡിപ്പോയിലെ വാഹനങ്ങൾ സ്തംഭിച്ചു. പിന്നീട് തമ്പാനൂർ ഡിപ്പോ, പഴവങ്ങാടി, സെക്രട്ടേറിയറ്റിന് മുൻവശം അങ്ങനെ എല്ലായിടവും സ്തംഭിച്ചു. നിയമസഭയുടെ മുന്നിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അദ്ദേഹത്തിന്റെ റിട്ടയറിംഗ് റൂമിലെ ജനലിൽക്കൂടി നോക്കിയാൽ ഈ നഗരത്തിലുണ്ടായിരിക്കുന്ന സ്തംഭനാവസ്ഥ കാണാം. ആ നിലയിൽ നഗരം മുഴുവനും സ്തംഭിച്ചിരിക്കുന്നു. സെക്രട്ടേറിയറ്റും പാളയവും തമ്പാനൂരും ബേക്കറിയും നഗരം മുഴുവനും സ്തംഭിച്ചിരിക്കുന്ന ഒരു സാഹചര്യമുണ്ടായി. അവർക്ക് എവിടെ വച്ചാണോ സന്ദേശം കിട്ടുന്നത്

അവിടെ ബസ് നിർത്തി യാത്രക്കാരെ പെരുവഴിയിൽ ഇറക്കിവിടുകയാണ് ജീവനക്കാർ. ശമ്പളം ലഭിക്കാത്ത ജീവനക്കാരോട് സഹതാപമുണ്ടായിരുന്ന സമൂഹത്തോടാണ് അവർ ഈ കടുംകൈ ചെയ്തിട്ടുള്ളത്. ഇത് ഗുരുതരമായി കാണണം. ഈ ഗുരുതരമായ സാഹചര്യത്തിൽ അവർക്കെതിരെ കനത്ത ശിക്ഷാനടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഗവൺമെന്റ് ഈ സംഭവം കഴിഞ്ഞപ്പോൾ ഇതുസംബന്ധിച്ച് കളക്ടർ അന്വേഷിക്കണമെന്ന് പറയുകയാണ്. ആരാണ് ഈ കളക്ടർ? 6 മണിക്കൂർ ഈ നഗരത്തിൽ കലാപസമാനമായ ഒരു അന്തരീക്ഷമുണ്ടായപ്പോൾ ഒരു ചെറുവിരൽ പോലും അനക്കാത്ത ഒരു കളക്ടറെ ഇതിന്റെ അന്വേഷണത്തിന് ഏൽപ്പിച്ചിരിക്കുന്നു. 'ഊമ പെണ്ണിന് ഉരിയാടാ പയ്യൻ' എന്ന് പറയുന്നതുപോലെ 'ഉറങ്ങി കിടക്കുന്ന ഗവൺമെന്റിന് അനങ്ങാത്ത കളക്ടർ'. ഈ കളക്ടറെ കൊണ്ട് അന്വേഷിച്ചാൽ എന്ത് നടപടിയാണ് ഉണ്ടാകാൻ പോകുന്നത്; ഈ സർക്കാരിന്റെ നിഷ്ക്രിയത്വം മൂലമാണ് ഒരു സാധു മനുഷ്യന്റെ ജീവൻ നഷ്ടപ്പെട്ടത്. സാധാരണക്കാരായ ജനങ്ങൾക്ക് ആരാണ് പരിഹാരം നൽകുന്നത്; നമ്മളെല്ലാവരും വിമർശിച്ചൊരു സംഭവമുണ്ട്. നോട്ട് നിരോധന സമയത്ത് ശ്രീ. നരേന്ദ്ര മോദി ബാങ്കുകൾക്ക് മുന്നിൽ ജനങ്ങളെ ക്യൂ നിർത്തി

അനേകം പേരുടെ മരണത്തിന് ഇടയാക്കിയെങ്കിൽ ഈ മിന്നൽ പണിമുടക്ക് യഥാസമയം പരിഹരിക്കാത്തതുമൂലം ബസ് സ്റ്റാൻഡിൽ ഒരു പാവപ്പെട്ടവന്റെ മരണത്തിന് ഉത്തരവാദിയായെങ്കിൽ ശ്രീ. നരേന്ദ്ര മോദിയുടെ നടപടിക്ക് സമാനമല്ലേ ഗവൺമെന്റ് ചെയ്ത ഈ നടപടിയെന്ന് ഞാൻ ആലോചിക്കുകയാണ്. നിരാലംബമായ കുടുംബത്തിന് ആവശ്യമായ നഷ്ടപരിഹാരം കൊടുക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണം. കൃപേഷിന്റെയും ശരത്ത്‌ലാലിന്റെയും ഷുഹൈബിന്റെയും കൊലയാളികളെ സംരക്ഷിക്കാൻ ഈ സർക്കാർ 80 ലക്ഷം രൂപ നൽകി. അതുപോലെ ഇവർക്ക് 50 ലക്ഷം രൂപയെങ്കിലും നഷ്ടപരിഹാരവും കുടുംബത്തിന് ജോലിയും നൽകാൻ ഈ ഗവൺമെന്റ് തയ്യാറാകണം. തലസ്ഥാന നഗരിയിൽ ഇന്നുവരെ ഇങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ല. ഈ സർക്കാരിന് 5.30-നുണ്ടായ വിവേകം 10.30-നുണ്ടായെങ്കിൽ ഇങ്ങനെയൊരു സംഭവവും ഉണ്ടാകുമായിരുന്നില്ല. ഈ സർക്കാരിന്റെ നിഷ്ക്രിയത്വത്തിന്റെയും കെടുകാര്യസ്ഥതയുടെയും ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണിത്. കേരളം കണ്ട ഏറ്റവും വലിയ പ്രളയത്തിൽ ഒരു മുന്നറിയിപ്പുമില്ലാതെ ഡാമുകൾ തുറന്നുവിട്ട അതേ നിഷ്ക്രിയത്വം ഇന്നും തുടരുകയാണ്. ഈ നിഷ്ക്രിയത്വം മൂലമാണ് ഈ നാട്ടിൽ ഇങ്ങനെയൊക്കെയുള്ള

സംഭവ പരമ്പരകൾ ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് സമാനതകളില്ലാത്ത ഈ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തണം. ഉത്തരവാദിത്വമുള്ള മന്ത്രിമാർ ഇതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കണം. ഇന്ന് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയോ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ സഭയിലില്ല. തലസ്ഥാന നഗരത്തോട്, ഇവിടുത്തെ ജനങ്ങളോട് എന്തിനാണ് അവഗണന കാണിക്കുന്നത്; സെക്രട്ടേറിയറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഇതാണ് അവസ്ഥയെങ്കിൽ..... ഈ സംഭവം നടന്നത് ഉൾനാടൻ പ്രദേശങ്ങളായ ഇടുക്കിയിലോ വയനാട്ടിലോ അല്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മൂക്കിനുതാഴെ നടന്ന ഈ സംഭവത്തിൽ ഒരു നിമിഷം പോലും ഇടപെടാൻ തയ്യാറാകാത്ത ഗവൺമെന്റിനാണ് ഈ സംഭവ പരമ്പരകളുടെയെല്ലാം ഉത്തവാദിത്വം. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>): സർ, നമ്മുടെ സംസ്ഥാനത്തെയും തലസ്ഥാന നഗരിയെസംബന്ധിച്ചും വളരെയേറെ അപമാനകരമായൊരു സമരാഭാസം തന്നെയാണ് ഇന്നലെ നടന്നത്. അക്കാര്യത്തിൽ തർക്കമില്ല. ബഹുമാനപ്പെട്ട

ഗതാഗത വകുപ്പുമന്ത്രി നിർദ്ദേശിച്ചതനുസരിച്ചാണ് ഞാൻ ഈ വിഷയത്തിൽ മറുപടി പറയാൻ ശ്രമിച്ചത്. ഈ വിഷയത്തിന് വളരെയേറെ ഗൗരവമുണ്ടെന്നാണ് ആദരണീയനായ പ്രതിപക്ഷനേതാവ് പറയുന്നതും നമുക്കെല്ലാം ബോധ്യമുള്ളതും. അങ്ങനെയാണെങ്കിൽ ശ്രീ. എം. വിൻസെന്റിനെ ഒഴിവാക്കി മറ്റേതെങ്കിലും പ്രധാനപ്പെട്ടൊരു നേതാവിനെ കൊണ്ടുതന്നെ അടിയന്തരപ്രമേയം അവതരിപ്പിക്കാമായിരുന്നുവെന്നാണ് എന്റെ അഭിപ്രായം. .....(ബഹളം)...... ഏറ്റവും പിൻനിരക്കാരനായ ശ്രീ. എം. വിൻസെന്റിനെ ഇത്രയും ഗൗരവമുള്ള വിഷയം അവതരിപ്പിക്കാൻ ചുമതലപ്പെടുത്തേണ്ട കാര്യമില്ലായിരുന്നുവെന്നാണ് ഞാൻ പറയുന്നത്. ....... (ബഹളം)..... മുൻനിരക്കാരായ ആളുകൾ ഇവിടെ ഉണ്ടല്ലോ; .... (ബഹളം)... നിങ്ങൾ അസ്വസ്ഥതപ്പെട്ടിട്ട് കാര്യമില്ല. നിങ്ങൾക്ക് പറയാം, അതിന് ഞാൻ മറുപടി പറയാൻ പാടില്ലെന്ന് പറയുന്നത് ശരിയാണോ; ..... (ബഹളം)...... തിരുവനന്തപുരം ജില്ലാക്കാരനായത് കൊണ്ടായിരിക്കാം ശ്രീ. എം. വിൻസെന്റിനെ അടിയന്തരപ്രമേയം അവതരിപ്പിക്കാൻ ചുമതലപ്പെടുത്തിയത്.

(പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ചുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിന് മുമ്പിൽവന്നുനിന്നു.)

<u>മി. സ്പീക്കർ</u>: പ്ലീസ്, സീറ്റിലേയ്ക്ക് പോകു.....

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ശ്രീ. എം. വിൻസെന്റ് പറഞ്ഞതുപോലെ ഞാൻ തലസ്ഥാന നഗരിയിലെ എല്ലാ കാര്യങ്ങളിലും ബന്ധപ്പെട്ട് നിൽക്കുന്ന വ്യക്തിയാണ്. കൂട്ടുത്തരവാദിത്വമുള്ള മന്ത്രി സഭയിലെ ഒരു മന്ത്രിക്ക് മറുപടി പറയാൻ പാടില്ലെന്ന് പറയാൻ സാധിക്കുമോ;... (ബഹളം)... അത് പറഞ്ഞത് വളരെ മോശമായിപ്പോയി, കഷ്ടമായിപ്പോയി എന്നേ എനിക്ക് പറയാനുള്ളൂ. ഈ വിഷയം വളരെ ഗൗരവത്തോടുകൂടി തന്നെയാണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്. അതുമാത്രമല്ല, വളരെ ഗൗരവത്തോടുകൂടിയുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതും, അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

<u>മി. സ്പീക്കർ</u>: പ്ലീസ്, സീറ്റിൽ പോയിരിക്കു. സീറ്റിൽ പോയിരുന്ന് ഉന്നയിക്കേണ്ടത് ഉന്നയിക്കാം.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ., എം. വിൻസെന്റ് പറഞ്ഞതുപോലെ ഒരിക്കലും ലാഘവത്തോടുകൂടിയല്ല ഈ വിഷയത്തെ ഗവൺമെന്റ് കണ്ടിട്ടുള്ളത്. ഇന്നലെ തലസ്ഥാന നഗരയിൽ നടന്ന മിന്നൽ പണിമുടക്കും അത് സൃഷ്ടിച്ച സാഹചര്യങ്ങളെയും വളരെ

ഗൗരവത്തോടുകൂടി തന്നെയാണ് ഗവൺമെന്റ് കാണുന്നതും വിലയിരുത്തുന്നതും. സർക്കാരിന്റെ ഭാഗത്തുനിന്നും അലംഭാവമുണ്ടായെന്ന് ശ്രീ. എം. വിൻസെന്റ് പറയുകയുണ്ടായി. സർക്കാരിന്റെ ഭാഗത്തുനിന്നും യാതൊരു അലംഭാവവും ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ലെന്ന് വ്യക്തമാക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. മിന്നൽ പണിമുടക്കെന്ന് അറിഞ്ഞ മാത്രയിൽ തന്നെ ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി പോലീസും ജീവനക്കാരും തമ്മിലുള്ള തർക്കമെന്ന നിലയിൽ ആ തർക്കം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ വകുപ്പുമായി ബന്ധപ്പെട്ട ഡിമാന്റ് ചർച്ചയായിരുന്നു ഇന്നലെ സഭയിൽ നടന്നത്. അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം എ.ഡി.ജി.പി.-യുമായി സംസാരിച്ച് കഴിയുന്നത്ര വേഗതയിൽ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. ………. (ബഹളം)….. ഞാൻ ഇന്ന് രാവിലെ സുരേന്ദ്രന്റെ വീട്ടിൽ പോയിരുന്നു. സുരേന്ദ്രന്റെ വീടും ഞാനുമായി നല്ല ബന്ധമുണ്ട്. സുരേന്ദ്രന്റെ ഭാര്യയുടെ അച്ഛൻ പതിനേഴ് വർഷക്കാലം സി.പി.ഐ.(എം.) പഞ്ചായത്ത് മെമ്പറായി പ്രവർത്തിച്ച ഒരാളാണ്. അദ്ദേഹത്തിന്റെ ആറ് മക്കളിൽ നാലാമത്തെ മകളെ വിവാഹം കഴിച്ച സുരേന്ദ്രനാണ് മരണപ്പെട്ടത്. സ്വാഭാവികമായും

ഞങ്ങൾക്കെല്ലാവർക്കുമുള്ള ദുഃഖവും പ്രയാസവും ആ സന്ദർഭത്തിൽ പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ; സമരങ്ങളെ ജനാധിപത്യ സമൂഹത്തിൽ പ്രതിഷേധത്തിന്റെ പ്രതിഫലനങ്ങളായിട്ട് മാത്രമാണ് അതിനെ കാണേണ്ടത്. അതിനെ അതിന്റെ അർത്ഥത്തിൽ തന്നെ കാണാനും ബഹുമാനിക്കാനും ഒരു പ്രയാസവും ഈ ഗവൺമെന്റിനെ സംബന്ധിച്ചില്ല. ... (ബഹളം)........

മി. സ്പീക്കർ: സീറ്റിൽ പോയി ഇരിക്കൂ. സീറ്റിൽ പോയിരുന്ന് ഉന്നയിക്കേണ്ടത് ഉന്നയിക്കൂ.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, രാജ്യത്തെ സംരക്ഷിക്കാനുള്ള ഐതിഹാസികമായ നിരവധി പ്രക്ഷോഭങ്ങളും സമരങ്ങളും നടത്തിയ പാരമ്പര്യമുള്ളവരാണ് നമ്മുടെ നാട്ടിലെ തൊഴിലാളികൾ. മനുഷ്യ സ്നേഹത്തിന്റെ നിരവധി അധ്യായങ്ങൾ സൃഷ്ടിച്ചവരുമാണ് നമ്മുടെ രാജ്യത്തിലെ തൊഴിലാളി വിഭാഗങ്ങൾ. അവരുടെ അദ്ധ്വാനത്തിന്റെ ഫലമായാണ് സമൂഹം നിലനിൽക്കുന്നതെന്ന യാഥാർത്ഥ്യം ഗവൺമെന്റ് മനസ്സിലാക്കുന്നുണ്ട്. സമരം ചെയ്യാനും സംഘടിക്കാനുമുള്ള അവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ ജനാധിപത്യത്തിന്റെ അന്തസ്സ് തന്നെ ചോർന്നുപോകുമെന്നത് നിസംശയമാണ്. ...... (ബഹളം)....

മി. സ്പീക്കർ: വ്യവസ്ഥാപിതമായ രീതിയിൽ സീറ്റിൽ പോയിരുന്ന് ഉന്നയിക്കേണ്ടത് ഉന്നയിക്കൂ.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, എപ്പോൾ സമരം ചെയ്യണം, എന്തെല്ലാം വിഷയങ്ങളിൽ സമരം ചെയ്യണം, അതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ എന്തുമാത്രം ലഘൂകരിക്കാം എന്നെല്ലാം ഉത്തരവാദിത്തപ്പെട്ട തൊഴിലാളി സംഘടനകൾ പരിഗണിക്കേണ്ടതുണ്ട്, പരിഗണിക്കാറുമുണ്ട്.

മി. സ്പീക്കർ: പ്ലീസ്, സീറ്റിൽ പോയി ഇരിക്കൂ.

(അല്പസമയത്തിനുശേഷം പ്രതിപക്ഷാംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിലേയ്ക്ക് പോയി.)

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട സ്പീക്കറോട് ഞങ്ങൾ ആവശ്യപ്പെട്ടത്, ശ്രീ. എം. വിൻസെന്റ് എന്ന ഉത്തരവാദിത്തപ്പെട്ട അംഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണ് റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് സഭയിലുണ്ടായിരുന്നു. അദ്ദേഹം ഇപ്പോൾ റിട്ടയറിംഗ് റൂമിലുണ്ട്. ആറ് മണിക്കൂർ നേരം കേരളത്തിന്റെ തലസ്ഥാന നഗരി സ്തംഭിച്ച ഗൗരവതരമായ വിഷയം സഭയിൽ ഉന്നയിക്കാൻ നോട്ടീസ് നൽകി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്ഥലത്ത് ഇല്ലായിരുന്നെങ്കിൽ മനസ്സിലാകും.

അദ്ദേഹം ഉണ്ടായിട്ടും മറ്റൊരു മന്ത്രിയെ ചുമതലപ്പെടുത്തിയതിന്റെ അസാംഗത്യമാണ് ഞങ്ങൾ ചൂണ്ടിക്കാണിച്ചത്. അങ്ങ് റൂൾ ചെയ്തു ഞങ്ങൾ ഇവിടെ ഇരുന്നു. തിരുവനന്തപുരം ജില്ലയുടെ ചുമതലയുള്ള ബഹുമാനപ്പെട്ട മന്ത്രി ആറ് മണിക്കൂർ എവിടെയായിരുന്നു?

മി. സ്പീക്കർ: അക്കാര്യം അദ്ദേഹം ഉന്നയിച്ചല്ലോ.

ശ്രീ. രമേശ് ചെന്നിത്തല: സർ, തിരുവനന്തപുരം ജില്ലയുടെ ചുമതലയുണ്ടായിരുന്ന മന്ത്രി ആറ് മണിക്കൂർ നേരം എവിടെയായിരുന്നു, ഇടപെട്ടില്ലല്ലോ; അത് വേറൊരു വിഷയം. തിരുവനന്തപുരം ജില്ലക്കാരനായ ഈ സംഭവം നടക്കുന്നതിന്റെ തൊട്ടടുത്ത കോവളം നിയോജകമണ്ഡലത്തിലെ എം.എൽ.എ. ശ്രീ. എം. വിൻസെന്റ് ഈ വിഷയം നിയമസഭയിൽ ഉന്നയിച്ചാൽ എന്ത് തെറ്റാണുള്ളത്? എന്ത് തെറ്റാണ് ചെയ്തതെന്ന് ബഹുമാനപ്പെട്ട സ്പീക്കർ തന്നെ പറയണം. അങ്ങനെയൊരു പരാമർശം നടത്തിയത് ബഹുമാനപ്പെട്ട മന്ത്രി പിൻവലിക്കണം. അത് സഭയിലെ ഒരു അംഗത്തോട് ചെയ്യുന്ന അവഹേളനമാണ്. നിയമപരമായും ചട്ടപ്രകാരവുമാണ് റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയത്. അതാണ് ഞങ്ങൾ ഉന്നയിച്ചത്. അതിന്റെ റൂളിംഗാണ് ആവശ്യമായിട്ടുള്ളത്.

മി. സ്പീക്കർ: സഭയിലെ എല്ലാ അംഗങ്ങൾക്കും തുല്യ അവകാശവും അവസരങ്ങളുമാണുള്ളത്. നിയമസഭാ സാമാജികരായ ആർക്കും സഭയിൽ വ്യവസ്ഥാപിതമായ രീതിയിൽ എന്തും  ഉന്നയിക്കാനുള്ള അവകാശമുണ്ട്. അതിൽ ഒരു തെറ്റുമില്ല. അതുപോലെതന്നെ സർക്കാരിനെ പ്രതിനിധാനം ചെയ്ത് സർക്കാരിന്റെ പ്രതിനിധിയായി ക്യാബിനറ്റ് നിശ്ചയിക്കുന്ന, മുഖ്യമന്ത്രി ചുമതലപ്പെടുത്തുന്ന ഏതൊരു മന്ത്രിക്കും സർക്കാരിനുവേണ്ടി അഭിപ്രായം പറയാവുന്നതാണ്. ഇത് രണ്ടുകൂട്ടർക്കും അറിയാവുന്നതുമാണ്. ബഹുമാന്യനായ മന്ത്രി ശ്രീ. എം. വിൻസെന്റിനെ ആക്ഷേപിച്ചുവെന്നാണ് അവർ ഉദ്ദേശിച്ചത്........(ബഹളം).......... അക്കാര്യം മന്ത്രി വിശദീകരിക്കും.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാന്യനായ എം. വിൻസെന്റിനെ ആക്ഷേപിക്കാൻ ഉദ്ദേശിച്ചിട്ടില്ല. ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടി കാണുന്ന വിഷയം തന്നെയാണിത്.  ഇത്രയും ഗൗരവമുള്ള വിഷയത്തിനുള്ള മറുപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിക്കാതെ തയ്യാറാക്കുകയില്ല. ആ മറുപടി ഞാൻ സഭയിൽ അവതരിപ്പിച്ചത് മോശമായിപ്പോയി എന്ന രീതിയിലുള്ള ശ്രീ. എം. വിൻസെന്റിന്റെ വാദത്തെ ഞാൻ എടുത്തതിന്റെ ഭാഗമായാണ് ഇത്രയും പ്രധാനപ്പെട്ട വിഷയം പ്രതിപക്ഷ

നേതാവോ തൊട്ടുപിന്നിലിരിക്കുന്ന അംഗങ്ങളോ ഉന്നയിച്ചുകൂടായിരുന്നോ എന്ന് ഞാൻ ചോദിച്ചത്. അല്ലാതെ ബഹുമാനപ്പെട്ട അംഗത്തെ മോശമായി കണ്ടിട്ടില്ല. അത് ഞാൻ ഉദ്ദേശിച്ചിട്ടുമില്ല. ........(ബഹളം)..........

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗത്തെ ആക്ഷേപിക്കണമെന്ന് ഉദ്ദേശിച്ചിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞല്ലോ? നിങ്ങൾ വെറുതെ വാശിപിടിക്കുന്നതെന്തിനാണ്? .........പ്ലീസ്.......... ........(ബഹളം)..........

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ അങ്ങനെ ഉന്നയിച്ചിട്ടില്ല, ഞാൻ അങ്ങനെ ഉദ്ദേശിച്ചിട്ടുമില്ല. ഞാൻ അങ്ങനെ ആരെയും ആക്ഷേപിക്കാറുമില്ല. അത് എന്റെ രീതിയല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ ഗൗരവം ഇക്കാര്യത്തിനുണ്ടെങ്കിൽ കുറച്ചുകൂടി ഗൗരവമുള്ള ആരെങ്കിലും ഈ വിഷയം ഉന്നയിക്കുമായിരുന്നല്ലോ എന്നുമാത്രമേ ഞാൻ ഉദ്ദേശിച്ചിട്ടുള്ളൂ. അതിനപ്പുറമുള്ള ഒരുകാര്യവുമില്ല. ........(ബഹളം).......... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ചെവിയിൽ ഹെഡ് സെറ്റുള്ളതുകൊണ്ട് ഞാൻ പറഞ്ഞത് മനസ്സിലായിക്കാണുമെന്നാണ് കരുതുന്നത്. അതുകൊണ്ടുതന്നെ അങ്ങയുടെ അനുയായികളെ സീറ്റിലിരിക്കാൻ പറയുകയാണ് അങ്ങിപ്പോൾ ചെയ്യേണ്ടത്. ........(ബഹളം)..........

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവാണ് ഈ ബഹളം അവസാനിപ്പിക്കാൻ നേതൃത്വം നൽകേണ്ടത്. (ബഹളം....ബഹളം...)

മി. സ്പീക്കർ: ചെയർ പറയാനുള്ളത് പറഞ്ഞു. ഇതിൽ കൂടുതലൊന്നും പറയാനില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): തിരുവനന്തപുരം ജില്ലയിൽ ഒരു സംഭവമുണ്ടായാൽ കാസർഗോഡ് എം.എൽ.എ. ശ്രീ. എൻ. എ. നെല്ലിക്കുന്നാണോ സഭയിൽ അടിയന്തരപ്രമേയം ഉന്നയിക്കേണ്ടത്. ആർക്കും ഉന്നയിക്കാം. തിരുവനന്തപുരത്ത് നടക്കുന്ന ഒരു സംഭവമാകുമ്പോൾ തിരുവനന്തപുരത്തെ എം.എൽ.എ. ഉന്നയിക്കുന്നതിനാണ് കൂടുതൽ സാംഗത്യം. അക്കാര്യത്തിൽ ഞങ്ങൾ ബഹുമാന്യനായ മുഖ്യമന്ത്രിയോടാണ് മറുപടി ആവശ്യപ്പെട്ടത്. ശ്രീ. എം. വിൻസെന്റിനെ തരംതാഴ്ത്തി പറഞ്ഞത് ശരിയായില്ല. ........(ബഹളം)..........

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റിനെ ആക്ഷേപിക്കാനോ വിമർശിക്കാനോ ഉദ്ദേശിച്ചിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: ........(ബഹളം).......... സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മനസ്സിലാക്കേണ്ടത് ഈ സംഭവം നടന്നത് ബഹുമാനപ്പെട്ട വി. എസ്. ശിവകുമാറിന്റെ മണ്ഡലത്തിലാണ്. ശ്രീ. എം. വിൻസെന്റിനേക്കാൾ വളരെ സീനിയറായ നേതാവാണ് അദ്ദേഹം. അദ്ദേഹത്തെ ഇന്ന് സഭയിൽ കാണുന്നില്ല. അദ്ദേഹം എവിടെയും പോയതായി കണ്ടില്ല. ഇക്കാര്യത്തിൽ എന്നെ തെറ്റിദ്ധരിക്കരുത്.........(ബഹളം)..........

മി. സ്പീക്കർ: ആര് ഉന്നയിക്കുന്നു ആര് മറുപടി പറയുന്നു എന്നതിലല്ല കാര്യം, ഉന്നയിക്കുന്ന വിഷയമാണ് പ്രധാനം. ഈ വിഷയം സഭയിൽ അവതരിപ്പിച്ചു. ഗവൺമെന്റിനെ പ്രതിനിധാനം ചെയ്തുകൊണ്ട് മന്ത്രി മറുപടി പറഞ്ഞുവെന്നുകണ്ടാൽ മതി. ദയവായി, ഇന്ന മന്ത്രി മറുപടി പറയണം, വിഷയം ഇന്ന സാമാജികൻ അവതരിപ്പിക്കണം എന്ന നിലയിലേയ്ക്ക് സഭയെ കൊണ്ടുപോകരുത്. എല്ലാ സാമാജികർക്കും ഒരേ ഉത്തരവാദിത്തവും ഒരേ അധികാരവും ഒരേ അവകാശവുമാണുള്ളത്. അതുപോലെ മന്ത്രിസഭയെ പ്രതിനിധാനം ചെയ്തുകൊണ്ട് ഏത് മന്ത്രിക്കും ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കാവുന്നതാണ്. ........(ബഹളം).......... പ്ലീസ്.......ബഹുമാന്യനായ മന്ത്രി പറഞ്ഞ് അവസാനിപ്പിക്കണം. ആക്ഷേപകരമായ പരാമർശങ്ങളൊന്നും

രേഖയിലുണ്ടാകില്ല. അത് പരിശോധിക്കും.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഗവൺമെന്റ് അലംഭാവം കാണിച്ചുവെന്ന് ശ്രീ. എം. വിൻസെന്റ് ഇവിടെ സൂചിപ്പിച്ചു. ഒരു അലംഭാവവും ഗവൺമെന്റ് കാണിച്ചിട്ടില്ല. ആറ് മണിക്കൂർ നഗരം സ്തംഭിച്ചുവെന്നത് വാസ്തവമാണ്. അകാരണമായി ഒരു മിന്നൽ പണിമുടക്ക് നടത്തിയെന്നുമാത്രമല്ല ........(ബഹളം).......... ദയവ് ചെയ്ത് ഞാൻ പറയുന്നത് കേൾക്കണം. ഡ്രൈവർമാർ വാഹനങ്ങൾ എം.ജി. റോഡിലെ അട്ടക്കുളങ്ങര മുതൽ പഴവങ്ങാടി വരെയുള്ള ഭാഗത്തും തമ്പാനൂരിന്റെ പരിസരത്തും തലങ്ങനെയും വിലങ്ങനെയുമിട്ട് സ്വിച്ച് ഓഫ് ചെയ്ത് ക്യാബിനിൽനിന്നും ഇറങ്ങിപ്പോകുകയും ചെയ്തു. വളരെയേറെ പരിശ്രമിച്ചിട്ടും തിരിച്ചുവന്ന് വാഹനങ്ങൾ റോഡിൽനിന്നും മാറ്റാൻ അവർ തയ്യാറായില്ല. ഇതിന് എന്നോട് ദേഷ്യപ്പെട്ടിട്ട് കാര്യമില്ല. ബഹുമാനപ്പെട്ട വിൻസെന്റിനറിയാം, ശ്രീ. ലോപ്പസ് ആരാണെന്ന്? അദ്ദേഹം കോൺഗ്രസ് പ്രവർത്തകനും ഐ.എൻ.ടി.യു.സി. നേതാവുമാണ്......... (ബഹളം).......... ഇതാണ് നിങ്ങളുടെ പ്രശ്നം. നിങ്ങൾക്ക് പറയാം ഞങ്ങൾ അതിനെ വിശദീകരിക്കാൻ പാടില്ല. എങ്കിൽ നിങ്ങൾ മറുപടി എഴുതി തരൂ, അത് മാത്രം ഞാൻ വായിക്കാം. ഗവൺമെന്റിന് പറയാനുള്ളത് പറയണം.........

(ബഹളം)..........

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ് സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി നിശബ്ദമായി എല്ലാം കേട്ടിരുന്നില്ലേ? അതുപോലെ ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി കേൾക്കണം. ........(ബഹളം)..........

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, എ.ടി.ഒ. അടക്കം ലോപ്പസിന്റെ നേതൃത്വത്തിലുള്ളൊരു സംഘം സംഘർഷഭരിതമായ അന്തരീക്ഷമുണ്ടാക്കി. അതുമാത്രമല്ല, അട്ടക്കുളങ്ങര മുതൽ പഴവങ്ങാടി വരെയും തമ്പാനൂരിന്റെ പരിസരത്തും വാഹനങ്ങൾ തലങ്ങനെയും വിലങ്ങനെയുമിട്ട് ഓഫ് ചെയ്ത് താക്കോലുമെടുത്ത് പോയ സാഹചര്യമാണ് നാലഞ്ച് മണിക്കൂർ നേരം ഒന്നും ചെയ്യാൻ സാധിക്കാത്ത അന്തരീക്ഷം സൃഷ്ടിച്ചത്. .........(ബഹളം).......... എന്തുകൊണ്ട് ഈ അവസ്ഥ അത്രയും നേരം നീണ്ടുപോയി എന്ന് ചോദിച്ചാൽ, അത് ഗവൺമെന്റ് ഇടപെടാത്തതുകൊണ്ടല്ല, ഗവൺമെന്റ് ഇടപെടുന്നുണ്ടായിരുന്നു. കമ്മീഷണറും എ.ഡി.ജി.പി.-യും യൂണിയൻ നേതാക്കന്മാരും മാനേജ്മെന്റും എല്ലാവരും വിളിച്ച് സംസാരിക്കുന്നുണ്ടായിരുന്നു. പക്ഷേ വാഹനങ്ങളുടെ താക്കോലുമെടുത്ത് പോയവർ മടങ്ങിവന്നില്ല. അതുകാരണം വാഹനങ്ങൾ റോഡിൽനിന്നും

നീക്കാൻ സാധിച്ചില്ല. അതാണ് സംഭവിച്ചത്. ആ വസ്തുത മനസ്സിലാക്കാൻ നമുക്ക് സാധിക്കണം. ഈ സംഭവത്തെ ഡൽഹി കലാപവുമായി ബന്ധിപ്പിക്കാൻ നടത്തിയ പരിശ്രമം, ഡൽഹി കലാപം എന്താണെന്ന് ബഹുമാനപ്പെട്ട അംഗത്തിന് മനസ്സിലാക്കാൻ സാധിക്കാത്തതിന്റെ ഫലമാണെന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. ഈ മിന്നൽ പണിമുടക്കിനെയും ഇത്തരത്തിലുള്ള തോന്ന്യാസങ്ങളെയും ഡൽഹി കലാപവുമായി ബന്ധിപ്പിക്കേണ്ട കാര്യമില്ല. അത് രാജ്യത്തുണ്ടാക്കിയത് വർഗ്ഗീയ ലഹളയാണ്. അതിനെ മിന്നൽ പണിമുടക്കുമായി ബന്ധിപ്പിക്കാൻ ശ്രമിക്കരുത്. സമരങ്ങളെയെല്ലാം ഞങ്ങൾ അനുകൂലിക്കുന്നു. സമരം ചെയ്യാനുള്ള അവകാശം തൊഴിലാളികൾക്കുണ്ട്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷേ എപ്പോൾ സമരം ചെയ്യണം; എന്തെല്ലാം കാര്യങ്ങൾ മുൻനിർത്തിയാണ് സമരം ചെയ്യേണ്ടത്; അതിലൂടെയുണ്ടാകുന്ന ബുദ്ധിമുട്ടുകൾ എത്രമാത്രം ലഘൂകരിക്കാൻ സാധിക്കും; എന്നൊക്കെ ഉത്തരവാദിത്തപ്പെട്ട തൊഴിലാളി സംഘടനകൾ നിശ്ചയമായും പരിഗണിക്കണം. സാധാരണഗതിയിൽ ഇതൊക്കെ പരിഗണിച്ചാണ് തൊഴിലാളി സംഘടനകൾ സമരം ചെയ്യാറുള്ളത്. ഇന്നലെ തിരുവനന്തപുരം നഗരത്തിൽ

കെ.എസ്.ആർ.ടി.സി. ബസ്സുകൾ പൊതുനിരത്തിന്റെ മധ്യത്തിലിട്ടശേഷം ഡ്രൈവർമാർ ഇറങ്ങിപ്പോയതിനെ അവകാശ സമരമെന്ന് വിളിക്കാൻ കഴിയുമെന്ന് ഇത്തരം രീതി അവലംബിച്ച ആളുകൾക്കുപോലും പറയാൻ സാധിക്കുമെന്ന് തോന്നുന്നില്ല. കെ.എസ്.ആർ.ടി.സി. ബസ്സിനെ ആശ്രയിച്ച് യാത്ര ചെയ്യുന്നവർ സമൂഹത്തിലെ സാധാരണക്കാരിൽ സാധാരണക്കാരാണ്. സമരമെന്ന് വിളിക്കപ്പെടുന്ന ഈ രീതി കാരണം യാത്രക്കാർക്കുണ്ടായ യാതനകൾ ഒരിക്കലുമുണ്ടാകാൻ പാടില്ലാത്തതാണ്. പൊതുമേഖലാ സ്ഥാപനങ്ങളോടും തൊഴിലാളികളോടും പ്രതിജ്ഞാബദ്ധമായ സമീപനമുള്ള ഒരു സർക്കാരാണ് ഇന്ന് കേരളത്തിലുള്ളത്. എന്നാൽ നിസ്സാരകാരണങ്ങളാൽ നഗരത്തെ സ്തംഭിപ്പിക്കുകയും ജനങ്ങളെ മുൾമുനയിൽ നിർത്തുകയും ചെയ്ത സംഭവത്തെ സമരരൂപമായി കരുതാൻ ഒരു കാരണവശാലും സാധ്യമല്ല. പണിമുടക്ക് എന്നത് ഒരു തൊഴിലാളിയുടെ അവസാനത്തെ സമരായുധമാണ്. അത് ആ വിധത്തിലാണ് ഉപയോഗിക്കപ്പെടേണ്ടത്. എന്നാൽ അങ്ങനെയല്ലാതെ പണിമുടക്കിനെ ഉപയോഗിക്കുന്ന സന്ദർഭങ്ങൾ വല്ലപ്പോഴുമൊക്കെ ഉണ്ടാകുന്നുണ്ട്. അതിൽപ്പെടുന്നതാണ് കഴിഞ്ഞദിവസം നടന്ന കെ.എസ്.ആർ.ടി.സി.-യുടെ മിന്നൽ പണിമുടക്ക്. ഇതിനെ തൊഴിലാളി

പ്രസ്ഥാനങ്ങൾക്കോ തൊഴിലാളികൾക്കോ അംഗീകരിക്കാനാകില്ല. സർക്കാർ അംഗീകരിക്കുന്ന പ്രശ്നവുമില്ല. നിസ്സാര കാര്യം പറഞ്ഞ് മിന്നൽ പണിമുടക്ക് നടത്തി ജനങ്ങളെ ബന്ധികളാക്കുന്ന പ്രവർത്തനം അംഗീകരിക്കാനാകുന്നതല്ല. ഇക്കാര്യത്തിൽ കർശന നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. ഒരു മുന്നറിയിപ്പുമില്ലാതെ ഒരു നിമിഷം ബസ്സുകൾ വഴിയിലിട്ടിട്ട് പോകുക, ജനങ്ങളാകെ അതിൽപ്പെട്ട് വലയുക, ഇതൊന്നും നമുക്ക് അംഗീകരിക്കാൻ സാധിക്കില്ല. യാത്രക്കാർക്ക് യാത്ര ചെയ്യാനുള്ള അവകാശമുണ്ട്. ആ അവകാശത്തിന്മേലുള്ള കടന്നുകയറ്റമാണ് ഇന്നലെ കണ്ടത്. ടിക്കറ്റെടുത്ത് ബസ് യാത്ര നടത്തുന്ന യാത്രക്കാരനെ മുന്നറിയിപ്പില്ലാതെ വഴിയിലിറക്കി വിടുന്ന തെറ്റായ രീതിയെ ആർക്കും അംഗീകരിക്കാൻ സാധിക്കില്ല. മനുഷ്യാവകാശത്തിനും പൗരാവകാശത്തിനുമെതിരായ സമരം എന്തിന്റെ പേരിലായാലും, ആരുടെ പേരിലായാലും അംഗീകരിക്കുന്ന പ്രശ്നമില്ല. നാടിനും സമൂഹത്തിന്റെ വളർച്ചയ്ക്കുംവേണ്ടി ജീവൻ ത്യജിച്ചുകൊണ്ട് പോരാടിയ പാരമ്പര്യമാണ് തൊഴിലാളി വർഗ്ഗത്തിനുള്ളത്. എന്നാൽ പ്രതിബദ്ധതയെ തന്നെ ചോദ്യം ചെയ്യുന്ന വിധത്തിലുള്ള ഇത്തരം നടപടിയെ ഒരു തരത്തിലും നമുക്ക് അംഗീകരിക്കാൻ സാധിക്കില്ല. സംഭവത്തെക്കുറിച്ച് കളക്ടറുടെ

അന്വേഷണം നടന്നുവരികയാണ്. അതിനാൽ ഇപ്പോൾ അതിനെക്കുറിച്ച് കൂടുതൽ പറയുന്നില്ല. കളക്ടറുടെ അന്വേഷണം പൂർത്തിയായ ശേഷം വീഴ്ച വരുത്തി എന്ന് കണ്ടെത്തുന്നവരുടെ പേരിൽ കർശന നടപടി സ്വീകരിക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, തലസ്ഥാന നഗരിയിലുണ്ടാകുന്ന എല്ലാ പ്രശ്നങ്ങളിലും ഇടപെടുകയും പോകുകയും ചെയ്യുന്നൊരാളാണ് ഞാൻ. മറ്റ് കാരണങ്ങളാൽ മരണപ്പെട്ട ആളിന്റെ വീട്ടിൽ ഇന്നലെ രാത്രി എനിക്ക് പോകാൻ സാധിച്ചില്ല. ഇന്ന് വെളുപ്പിനത്തന്നെ ആ വീട്ടിൽ ഞാൻ പോയിരുന്നു. 17 വർഷം ഞങ്ങളുടെ പാർട്ടി അംഗവും ഒരു പഞ്ചായത്ത് മെമ്പറുമായിരുന്ന തമ്പി മേസ്തിരി എന്നുപറയുന്ന വ്യക്തിയുടെ അഞ്ചാമത്തെ മകളുടെ ഭർത്താവാണ് മരണപ്പെട്ടയാൾ. അയാൾക്ക് മൂന്നുപ്രാവശ്യം ഹൃദ്രോഗ ബാധയുണ്ടായി. ഒരു പ്രാവശ്യം ആൻജിയോപ്ലാസ്റ്റിയും ചെയ്തു. അവർക്ക് മൂന്ന് സെന്റ് സ്ഥലമാണ് അവിടെയുള്ളത്. ആ മൂന്ന് സെന്റ് സ്ഥലം മൂന്ന് ലക്ഷം രൂപയ്ക്ക് ഒരു ബാങ്കിൽ കടം വച്ചിരിക്കുകയാണ്. അവരിപ്പോൾ വേറൊരു ഭാഗത്ത്, അതായത് അവരുടെ സഹോദരിയുടെ വീട്ടിലാണ് താമസിക്കുന്നത്. ഇന്നലെ രാവിലെ അവർ മെഡിക്കൽ കോളേജിൽ വന്നതാണ്. ഹോസ്പിറ്റലിനടുത്തുള്ള മരുന്ന് കടയിൽ പോയി മരുന്നെല്ലാം വാങ്ങി ഭാര്യ

വേറൊരു വഴിക്കും ഭർത്താവ് വീട്ടിലേയ്ക്കും പോകുന്നതിനുവേണ്ടി ബസ് സ്റ്റാൻഡിൽ വന്നതാണ്. ഞാൻ ബാർബർ ഷോപ്പ് മുതൽ എല്ലാ കടകളും ഉദ്ഘാടനം ചെയ്യാൻ പോകുമെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞു. തിരുവനന്തപുരത്ത് എന്ത് കാര്യത്തിന് ആര് വിളിച്ചാലും ഞാൻ പോകും. അത് തെറ്റായി ഞാൻ കാണുന്നില്ല. അങ്ങേയ്ക്കുതന്നെ അറിയാവുന്ന കാര്യമാണ്. അതൊന്നും മോശമായി കാണേണ്ട കാര്യമില്ല. ഏത് പ്രക്ഷോഭത്തിനും ഏത് സമരത്തിനും ഏത് കാര്യത്തിനും ഞാനിവിടെയുണ്ടെന്ന കാര്യം അങ്ങ് വിസ്മരിക്കേണ്ട. ദയവുചെയ്ത് അതൊന്നും ഒരു പിശകായി ചൂണ്ടിക്കാണിക്കരുത്. എനിക്ക് അധികമൊന്നും പറയാനില്ല. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കർ സർ, Nero fiddling while Rome was in flames. റോമാ നഗരം വെന്തെരിഞ്ഞപ്പോൾ നീറോ ചക്രവർത്തി വീണ വായിക്കുകയായിരുന്നു. (...ബഹളം...)

മി. സ്പീക്കർ: ദയവായി കമന്റുകൾ ഒഴിവാക്കണം. ഇന്ന് മലയാളത്തിലെ ഒരു പ്രമുഖ ദിനപത്രം മുഖപ്രസംഗമായി എഴുതിയിട്ടുണ്ട്. കതിർക്കനമുള്ള വാദമുഖങ്ങൾ കൊണ്ടാണ് ബൗദ്ധികമായി സഭയിൽ സംവാദങ്ങളുണ്ടാകേണ്ടത്, പരസ്പരം ആക്രോശിച്ചുകൊണ്ടല്ല. ഇരുഭാഗത്തുനിന്നും ആക്രോശിക്കുന്നവരോട് അത് ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ദയവായി കമന്റുകൾ ഒഴിവാക്കു. എഴുന്നേറ്റ് നിന്ന് സംസാരിക്കാമല്ലോ; അങ്ങ് സംസാരിക്കു.

ശ്രീ. രമേശ് ചെന്നിത്തല: സർ, റോമാ നഗരം വെന്തെരിഞ്ഞപ്പോൾ നീറോ ചക്രവർത്തി വീണ വായിക്കുകയായിരുന്നു എന്നുള്ള ഈ വാചകത്തെ അനുസ്മരിപ്പിക്കുന്ന ഒന്നാണ് ഇവിടെയുണ്ടായത്. ഇന്നലെ ഈ സംഭവം നടന്നുകൊണ്ടിരിക്കുന്നതിനിടയിലാണ് ഞാൻ സഭയിൽനിന്നൊരു കുറിപ്പ് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിക്ക് കൊടുത്തത്. ആറ് മണിക്കൂറായി നഗരത്തിൽ മുഴുവൻ ഗതാഗതസ്തംഭനമാണെന്ന് എന്റെ ഓഫീസിൽനിന്ന്

എന്നെ വിളിച്ചറിയിച്ചതിനെത്തുടർന്നാണ് ഞാൻ ഈ കുറിപ്പ് ഗതാഗത വകുപ്പുമന്ത്രിക്ക് കൊടുത്തത്. അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും റിയാക്ഷൻ ഉണ്ടാകുമെന്ന് ഞാൻ കരുതി. അല്ലെങ്കിൽ മറുപടിയെങ്കിലും എഴുതി തരുമെന്ന് വിചാരിച്ചു. പക്ഷേ മന്ത്രി യാതൊരു മറുപടിയും എനിക്കെഴുതി തന്നില്ല. അദ്ദേഹം സഭയിൽ മറുപടി പറയുന്നതുകൊണ്ട് അവസാനം വരെ ഞാൻ കാത്തിരുന്നു. അങ്ങേയ്ക്കറിയാമല്ലോ; അവസാനം ഞാൻ എഴുന്നേറ്റ് ഇങ്ങനെയൊരു സംഭവമുണ്ടായി, ആളുകൾക്ക് ബുദ്ധിമുട്ടാണ് എന്നുപറഞ്ഞപ്പോഴാണ് കളക്ടർ അന്വേഷിക്കുമെന്ന് അദ്ദേഹം പറഞ്ഞത്. ആറുമണിക്കൂർ നേരം ഈ കളക്ടർ എവിടെയായിരുന്നു? ഈ ജില്ലാ കളക്ടർക്ക് ഉത്തരവാദിത്തമില്ലേ; ആറ് മണിക്കൂർ നേരം തലസ്ഥാന നഗരിയായ തിരുവനന്തപുരത്തെ ആളുകൾ നെട്ടോട്ടമോട്ടുമ്പോൾ, വലയുമ്പോൾ, ബുദ്ധിമുട്ടുമ്പോൾ ഒരു കളക്ടറുടെ ഉത്തരവാദിത്തമെന്താണ്; ചാർജ്ജുള്ള മന്ത്രിക്ക് എന്താണ് ഉത്തരവാദിത്തം; ട്രാൻസ്പോർട്ടിന്റെയും പോലീസിന്റെയും മന്ത്രിമാർക്ക് എന്താണ് ഉത്തരവാദിത്തം ? ആ കളക്ടറെ തന്നെയാണ് ഇവർ അന്വേഷണം നടത്താൻ നിയോഗിച്ചിരിക്കുന്നത്. എന്ത് വിരോധാഭാസമാണിത്; ഒരു ജില്ലയിൽ നടക്കുന്ന എല്ലാവിധ പ്രശ്നങ്ങളും

നോക്കി മനസ്സിലാക്കേണ്ട മജിസ്ട്രേറ്റ് കൂടിയാണ് കളക്ടർ. വൈകുന്നേരം 6 മണിവരെ ഈ സംഭവം തുടർന്നിട്ടും അത് അറിയാത്തൊരു കളക്ടറെക്കൊണ്ട് എന്ത് അന്വേഷിക്കണമെന്നാണ് പറയുന്നത്; ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ ഉത്തരവാദിത്തം ചെറുതാണോ; ഇന്നലെ നമ്മൾ കണ്ടത് കംപ്ലീറ്റ് ബ്രേക്ക് ഡൗൺ ഓഫ് ദി അഡ്മിനിസ്ട്രേഷനാണ്. ഭരണകൂടത്തിന്റെ മുഴുവൻ തകർച്ചയുമാണ് നമ്മൾ ഇവിടെ കണ്ടത്. Lawlessness, anarchy എന്നീ പദങ്ങൾ ഏറ്റവും യോജിക്കുന്ന സംഭവ വികാസങ്ങളാണ് ഇന്നലെ നമ്മൾ ഇവിടെ കണ്ടത്. രണ്ടുപേർ താക്കോൽ ഊരിക്കൊണ്ട് പോയിക്കഴിഞ്ഞാൽ തിരുവനന്തപുരം നഗരം മുഴുവൻ ആറ് മണിക്കൂർ നേരം സ്തംഭനാവസ്ഥയിലാകുന്നുവെന്ന് പറയുമ്പോൾ അതിനെ നേരിടാൻ ഇവിടെ പോലീസില്ലേ; അതിനെ നേരിടാൻ ഇവിടെ ഉദ്യോഗസ്ഥരില്ലേ; ഇവിടെ പോലീസ് കമ്മീഷണറുടെ ജോലി എന്താണ്; ആ കമ്മീഷണറെ അവിടെ എങ്ങും കണ്ടില്ലല്ലോ; ഇവിടെ ഐ.ജി. ഉണ്ടല്ലോ; ഐ.ജി.-യുടെ ജോലി എന്താണ്; സിറ്റിയുടെ ചാർജ്ജുള്ള ലാ ആൻഡ് ഓർഡർ ഐ.ജി. ഇല്ലേ; ഐ.ജി.-യുടെ ചുമതലയെന്താണ്; ഇവിടെ ഇതിന് ചുമതലയുള്ള എ.ഡി.ജി.പി.-മാർ ഇല്ലേ; ആറ് മണിക്കൂർ നേരം എന്തുകൊണ്ടാണ് ഇവരാരും

മിണ്ടാതിരുന്നത്; എല്ലാ പ്രമുഖ ദിനപത്രങ്ങളും എഴുതിയത് എന്താണ്; “ 'മിന്നലായി പണിമുടക്ക്, ഇടിവെട്ടേറ്റ് ജനം', മുഖ്യമന്ത്രിയും മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥന്മാരും തലസ്ഥാനത്തുണ്ടായിരുന്നു. നിങ്ങൾ ചെറുവിരലെങ്കിലും അനക്കിയോ; ഇന്നലെ പകൽ മുഴുവൻ ജനം നരകിച്ചില്ലേ; പൊലിഞ്ഞ ജീവന് ആര് സമാധാനം പറയും;” - മലയാള മനോരമ. എല്ലാ പത്രങ്ങളും ഞാൻ വായിക്കുന്നില്ല. എല്ലാം എന്റെ കയ്യിലുണ്ട്. ദേശാഭിമാനി പത്രവുമുണ്ട്. ദേശാഭിമാനിയിലെ ബാനർ ഹെഡ്ഡിംഗ് തന്നെ 'നഗരം സ്തംഭിച്ച് നാല് മണിക്കൂർ' എന്നാണ്. സംസ്ഥാന സർക്കാരിന്റെ രണ്ട് വകുപ്പുകൾ തമ്മിലാണ് ഏറ്റുമുട്ടിയത്. ഇവിടെ സംഭവിച്ചതെന്താണ്; കെ.എസ്.ആർ.ടി.സി. ബസ് ഓടേണ്ട സ്ഥലത്ത് പ്രൈവറ്റ് ബസ് ഓടുന്നു. അത് എ.ടി.ഒ. തടഞ്ഞു. പോലീസ് ആരുടെയൊപ്പം നിന്നു; പ്രൈവറ്റ് മുതലാളിമാരോടൊപ്പം നിന്നു. അവർ എ.ടി.ഒ.-യെ അറസ്റ്റ് ചെയ്തുകൊണ്ടുപോയി. നിങ്ങളാലോചിച്ച് നോക്കണം, കെ.എസ്.ആർ.ടി.സി. ബസ് ഓടേണ്ട റൂട്ടിൽ പ്രൈവറ്റ് ബസ് ഓടുന്നു. പ്രൈവറ്റ് ബസ് ഓടുന്നത് കണ്ടപ്പോൾ അതിനെ തടഞ്ഞു. തടഞ്ഞ എ.ടി.ഒ.-യെ പോലീസ് അറസ്റ്റ് ചെയ്തുകൊണ്ടുപോകുകയാണ് ചെയ്തത്. ആർക്കുവേണ്ടിയാണ്; സ്വകാര്യ ബസ് മുതലാളിമാർക്കുവേണ്ടി.

അതിനെതിരായിട്ടാണ് കെ.എസ്.ആർ.ടി.സി.-ക്കാർ സമരം ചെയ്തത്. ഞാൻ അവരെ ന്യായീകരിക്കുന്നതല്ല. ലോപ്പസ് ആണെങ്കിലും ഹരികൃഷ്ണൻ ആണെങ്കിലും..... ഹരികൃഷ്ണൻ ആരാണെന്ന് മന്ത്രിക്ക് അറിയാമല്ലോ; സി.ഐ.ടി.യു.-വിന്റെ നേതാവാണ്. ലോപ്പസ് ആണെങ്കിലും ഹരികൃഷ്ണനാണെങ്കിലും ഇക്കാര്യത്തിൽ.... അങ്ങ് ഹരികൃഷ്ണന്റെ കാര്യംകൂടി പറയേണ്ടതായിരുന്നു. രണ്ടുപേരും ചെയ്തത് തെറ്റാണ്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ഹരികൃഷ്ണൻ അവിടത്തെ സി.ഐ.ടി.യു. യൂണിയന്റെ ജനറൽ സെക്രട്ടറിയാണ്. അദ്ദേഹം ഇന്നലെ സി.ഐ.ടി.യു. തൊഴിലാളികളെയും സംഘടിപ്പിച്ച് രാജ്ഭവന് മുന്നിൽ ദേശീയ പ്രശ്നത്തെ ആസ്പദമാക്കിയുള്ള സമരത്തിലായിരുന്നു. ഹരികൃഷ്ണൻ അവിടെ ഉണ്ടായിരുന്നുവെങ്കിൽ ഈ സമരം അങ്ങനെ നടക്കുമായിരുന്നില്ല.....(ബഹളം)....

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട മന്ത്രീ, ഏതായാലും ആറ് മണിക്കൂർ നേരം ട്രാൻസ്പോർട്ട് തൊഴിലാളികൾ സമരം ചെയ്തിട്ട് രാജ്ഭവന് മുന്നിലുണ്ടായിരുന്ന ഹരികൃഷ്ണൻ ഇതൊന്നും അറിഞ്ഞില്ല എന്നുപറയുന്നത്

ആരെ ബോധിപ്പിക്കാനാണ്? ഏതായാലും ഞാൻ രാഷ്ട്രീയം പറയുന്നില്ല. കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ തൊഴിലാളി യൂണിയന്റെയും നേതാക്കന്മാർക്ക് ഇതിനകത്ത് ഉത്തരവാദിത്തമുണ്ട്. അങ്ങ് ഇതിനെ രാഷ്ട്രീയമായി കണ്ടത് ശരിയായില്ല. കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ യൂണിയനും ഇതിൽ ഉത്തരവാദിത്തമുണ്ട്. പോലീസിന് ഉത്തരവാദിത്തമില്ലേ; എന്തിനാണ് എ.ടി.ഒ.-യെ അറസ്റ്റ് ചെയ്തത്; തന്റെ ഡ്യൂട്ടി നിർവ്വഹിച്ച എ.ടി.ഒ.-യെ പോലീസ് അറസ്റ്റ് ചെയ്തത് എന്തിനാണ്; തെരുവിൽ ഈ ഏറ്റുമുട്ടൽ നടന്നുകൊണ്ടിരുന്നപ്പോൾ കണ്ണാശുപത്രിയിൽ പോയ രോഗികൾ, ശ്രീചിത്രയിൽ പോയ രോഗികൾ, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുവന്ന കാൻസർ രോഗികൾ, അതോടൊപ്പംതന്നെ ആറ്റുകാൽ ക്ഷേത്രത്തിൽ തൊഴുത് മടങ്ങിവന്നവർ അങ്ങനെയുള്ള സാധാരണക്കാരായ ആളുകളാണ് ആറും ഏഴും മണിക്കൂർ ഈ നഗരത്തിൽ പ്രയാസപ്പെട്ടത്. മണിക്കൂറുകളോളം എല്ലാ ചാനലുകളും ലൈവായി കാണിച്ചുകൊണ്ടിരിക്കുകയായിരുന്നു. കേരളത്തിലെ മുഖ്യമന്ത്രി ഇത് കണ്ടില്ല. അദ്ദേഹത്തിന് വിവരം കിട്ടുകയില്ലേ; അപ്പോൾത്തന്നെ വിവരം ലഭിക്കുമല്ലോ; ട്രാൻസ്പോർട്ട് മന്ത്രിക്ക് വിവരം ലഭിച്ചില്ലെങ്കിൽ അദ്ദേഹത്തെ ഞാൻ

അറിയിച്ചല്ലോ? ഇത്രയും സംഭവമുണ്ടായിട്ടും കാഴ്ചക്കാരായി മന്ത്രിമാരും മുഖ്യമന്ത്രിയും നിന്നു എന്നുപറയുന്നത് എത്ര തെറ്റായ ഒരു കാര്യമാണ്. എന്തിനേറെ, മുഖ്യമന്ത്രിയെയും മറ്റ് മന്ത്രിമാരെയും വിടുക. ഇന്നിവിടെ മറുപടി പറഞ്ഞ ശ്രീ. കടകംപള്ളി സുരേന്ദ്രൻ ജില്ലയുടെ മന്ത്രിയാണ്. ജില്ലയുടെ മന്ത്രിക്ക് അവിടെവരെ ഒന്നുപോകാൻ ചുമതലയില്ലേ; അങ്ങ് അവിടെ പോയാൽ അങ്ങയെ ആരെങ്കിലും എന്തെങ്കിലും ചെയ്യുമോ; ഒന്നും ചെയ്യുകയില്ലല്ലോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, രാജ്ഭവനുമുന്നിൽ സമരം നടത്തിക്കൊണ്ടിരുന്ന ട്രാൻസ്പോർട്ട് തൊഴിലാളികൾ വിളിച്ചുപറഞ്ഞാണ് ഞാൻ ഈ വിവരം അറിഞ്ഞത്. അപ്പോഴേയ്ക്കും പോലീസുമായിട്ട് പ്രശ്നമായി. സ്വാഭാവികമായും ഇത് കൈകാര്യം ചെയ്തുകൊണ്ടിരുന്ന തിരുവനന്തപുരം പോലീസ് കമ്മീഷണറെ ഞാൻ വിളിക്കുകയും എത്രയുംവേഗം ഈ പ്രശ്നം രമ്യമായി പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കാൻ അദ്ദേഹത്തിന് നിർദ്ദേശം നൽകുകയും ചെയ്തു. അപ്പോൾ അദ്ദേഹത്തിന്റെ മുന്നിൽ സംഘടനാ നേതാക്കന്മാർ ഇരിക്കുകയാണ്, അദ്ദേഹം അവരുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്, പെട്ടെന്നുതന്നെ ഇത് പരിഹരിക്കാൻ

സാധിക്കുമെന്നാണ് കരുതുന്നതെന്ന് അദ്ദേഹം പറഞ്ഞു. സ്വാഭാവികമായും അത് പരിഹരിച്ചിട്ടുണ്ടാകുമെന്ന് ഞാൻ കരുതി.

ശ്രീ. രമേശ് ചെന്നിത്തല: സർ, സ്വാഭാവികമായും അങ്ങത് വീണ്ടും ചെക്ക് ചെയ്യേണ്ടതായിരുന്നു. ഒരു മണിക്കൂറിന് ശേഷവും നടന്നോ ഇല്ലയോ എന്ന് അങ്ങ് ചെക്ക് ചെയ്യേണ്ടതായിരുന്നു. കാരണം അങ്ങ് ആ കസേരയിൽ ഇരിക്കുന്നതുകൊണ്ട് അങ്ങേയ്ക്ക് ഉത്തരവാദിത്തമുണ്ട്. അല്ലാതെ ശ്രീ. കടകംപള്ളി സുരേന്ദ്രൻ എന്ന വ്യക്തി അത് ചെയ്യണമെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ജില്ലയുടെ മന്ത്രി എന്നുള്ള നിലയിൽ ഈ സംസ്ഥാനത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരം ആറ് മണിക്കൂർ നേരം സ്തംഭിച്ച സംഭവത്തിൽ കുറെക്കൂടി ജാഗ്രത കാണിക്കേണ്ടതായിരുന്നില്ലേ; എല്ലാം സംഭവിച്ചു കഴിഞ്ഞാണ് ഗതാഗത വകുപ്പുമന്ത്രി പ്രതികരിക്കുന്നത്. രാത്രി 8.30-നാണ് കർശന നടപടിയെടുക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞ വാർത്തകൾ ടെലിവിഷനിൽ വരികയുണ്ടായത്. എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചത്? എനിക്ക് ആ കളക്ടർക്കെതിരെ വളരെ ശക്തമായ ആക്ഷേപമുണ്ട്. മന്ത്രിമാരെ മാറ്റിനിർത്താം. പക്ഷേ, ഇവിടെയൊരു ജില്ലാ കളക്ടർ ഉണ്ടല്ലോ? ആറ് മണിക്കൂർ നേരം നഗരം സ്തംഭിച്ചിട്ട് അതിനെതിരെ

നടപടി സ്വീകരിക്കാൻ കളക്ടർക്ക് ഉത്തരവാദിത്തമില്ലേ? ആ കളക്ടറെതന്നെയാണ് നിങ്ങൾ അന്വേഷണച്ചുമതല ഏൽപ്പിച്ചിരിക്കുന്നത്. എന്തായിരിക്കും സ്ഥിതി? പോലീസിന്റെ ഭാഗത്ത് തെറ്റില്ലെന്ന് കമ്മീഷണർ റിപ്പോർട്ട് നൽകിയെന്ന് പറഞ്ഞ് എല്ലാ ടെലിവിഷൻ ചാനലുകളിലും ഇപ്പോൾ വാർത്ത വന്നുകൊണ്ടിരിക്കുകയാണ്. പോലീസിന്റെ ഭാഗത്തല്ലേ തെറ്റ്? ആ എ.ടി.ഒ.-യെ എന്തിന് അറസ്റ്റ് ചെയ്തു? തെറ്റുകാരെല്ലാം ഇപ്പോൾ ന്യായീകരിക്കപ്പെടുകയാണ്. അവരുടെ ഉന്നത ഉദ്യോഗസ്ഥൻമാർ അവരെ ന്യായീകരിക്കുകയാണ്. രാവിലെ മുതൽ ലൈവായി ഇത്തരം സംഭവങ്ങൾ നടന്നിട്ട്, വളരെ നിസ്സാരമായി തീർക്കേണ്ട ഒരു പ്രശ്നത്തെ വളർത്തി ഈ സംസ്ഥാനത്തിന്റെ തലസ്ഥാന നഗരിയെ ഏഴ് മണിക്കൂർ നേരം സ്തംഭിപ്പിച്ചിട്ടും നിങ്ങൾക്കാർക്കും ഒരു ബോതറേഷനമില്ലെന്ന് പറയുമ്പോൾ ഈ ഗവൺമെന്റിനെപ്പറ്റിയുള്ള യഥാർത്ഥ ചിത്രം ജനങ്ങൾക്ക് ബോധ്യപ്പെടുകയാണ്. സർക്കാർ സംവിധാനത്തിന്റെ തകർച്ചയാണ് ഇവിടെ കാണാൻ കഴിയുന്നത്. ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അവകാശവാദമൊന്നും ഞങ്ങൾ കണക്കിലെടുക്കുന്നില്ല. മരിച്ചുപോയ ആൾ ഏത് പാർട്ടിക്കാരനാണ്? ഏത് പാർട്ടിയിൽ മെമ്പർഷിപ്പുണ്ട് എന്നൊക്കെ ബഹുമാനപ്പെട്ട മന്ത്രി, അത്രയ്ക്ക്

ചിന്തിക്കേണ്ട ആവശ്യമൊന്നുമില്ല. ഒരു മനുഷ്യാത്മാവ് മരിച്ചിട്ട് അദ്ദേഹം ഏത് പാർട്ടിക്കാരനാണെന്ന് അന്വേഷിച്ച് നടക്കേണ്ട ആവശ്യമൊന്നും നമുക്കില്ല. ആര് മരിച്ചാലും ഒരു മനുഷ്യന്റെ ജീവനാണ് നഷ്ടപ്പെട്ടത്. ഇന്നലെ വൈകിട്ട് ഞാനും ശ്രീ. വി. എസ്. ശിവകുമാറും ഡോ. എം. കെ. മുനീറും ആശുപത്രിയിൽ പോയിരുന്നു. ആ സന്ദർഭത്തിൽ വീട്ടുകാരാരും എത്തിയില്ലായിരുന്നു. ഡോക്ടർമാരോട് ഞങ്ങൾ വിവരം ആരാഞ്ഞു. മുമ്പ് ഹൃദയസംബന്ധമായ അസുഖമുണ്ടായിരുന്ന വ്യക്തിയായിരുന്നുവെന്നും മരുന്നുവാങ്ങാൻവേണ്ടി പോയതായിരുന്നുവെന്നുമുള്ള എല്ലാ വിവരങ്ങളും മനസ്സിലാക്കിയിട്ടാണ് ഞങ്ങൾ തിരികെവന്നത്. ഞാൻ പറഞ്ഞുവന്നത്, ഒരു മനുഷ്യ ജീവനാണ് ഇന്നലെ പൊലിഞ്ഞത്. അത് കഴിഞ്ഞ് വൈകുന്നേരം ഏഴ് മണിക്ക് എനിക്കൊരു ഫോൺ കോൾ വന്നിരുന്നു. പൊരിവെയിലത്ത് മൂന്ന് മണിക്കൂർ ബസ്സിൽ കുടുങ്ങിയ ശശിധരൻ എന്ന് പേരുള്ള ഒരു റിട്ടയേർഡ് മിലിട്ടറി ഓഫീസർ, ആശുപത്രിയിൽ പോകുന്നതിനായി ബസ്സിൽ കയറി, ബസ്സിൽവച്ച് ശ്വാസംമുട്ടൽ വർദ്ധിച്ച് എന്ത് ചെയ്യണമെന്നറിയാതെ കഷ്ടപ്പെട്ടപ്പോൾ കൂടെയുണ്ടായിരുന്ന മകൾ അദ്ദേഹത്തെ പതുക്കെ ബസ്സിൽനിന്നും ഇറക്കി കുറെ നടന്നപ്പോൾ ഭാഗ്യത്തിന് ഒരു ഓട്ടോറിക്ഷ കിട്ടി ആശുപത്രിയിലേയ്ക്ക്

പോയി. ഇപ്പോൾ ആശുപത്രിയിൽ വെന്റിലേറ്ററിന്റെ സഹായത്തോടെ കഴിയുകയാണ് ആ പാവപ്പെട്ട മനുഷ്യൻ. അദ്ദേഹത്തിന്റെ മകൾ സ്മിതാറാണി ഇന്നലെ എന്നെ ഫോണിൽ വിളിച്ച് വിവരങ്ങൾ പറഞ്ഞു. ഇപ്പോൾ വാർഡിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. ഇത് ഒരാളിനുണ്ടായ അനുഭവമാണ്. ഒരാൾ എന്നെ ഫോണിലൂടെ വിളിച്ചുപറഞ്ഞതുകൊണ്ടാണ് ഈ വിവരം അറിയാൻ സാധിച്ചത്. അവർക്ക് എന്തെങ്കിലും സഹായം ആവശ്യമായി വരികയാണെങ്കിൽ നൽകുന്നതിനായി ഞാൻ അപ്പോൾത്തന്നെ കമ്മീഷണറെ ബന്ധപ്പെടാൻ ശ്രമിച്ചു, പക്ഷേ അദ്ദേഹത്തെ കിട്ടിയില്ല. ഞാൻ പറഞ്ഞുവരുന്നത് ഇതുപോലെ എത്രയോ ആളുകൾക്കാണ് ഇന്നലെ ബുദ്ധിമുട്ടുകളുണ്ടായത്. ബസ്സിനെ ആശ്രയിച്ച് യാത്ര ചെയ്യുന്ന എത്രയോ പാവപ്പെട്ട ആളുകൾക്കാണ് ഇന്നലെ ഈ നടപടി കാരണം ബുദ്ധിമുട്ടുണ്ടായത്. പ്രശ്നം പരിഹരിക്കുന്നതിനല്ല ഉദ്യോഗസ്ഥന്മാർ ശ്രമിച്ചത്. അത് വഷളാക്കാനാണ് ശ്രമിച്ചത്. ഇവിടെ ശക്തമായ ഒരു ഭരണകൂടവും ശക്തമായ ഒരു ഭരണനേതൃത്വവും ശക്തമായ ഒരു ഉദ്യോഗസ്ഥ നേതൃത്വവുമുണ്ടായിരുന്നുവെങ്കിൽ ഒരു മണിക്കൂർകൊണ്ട് പരിഹരിക്കപ്പെടേണ്ട വിഷയം ആറ് മണിക്കൂർ നഗരത്തെ സ്തംഭനാവസ്ഥയിൽ

എത്തിക്കുമായിരുന്നില്ല. ഇതിവിടെ ചർച്ച ചെയ്യുന്നതിന് ഗതാഗത വകുപ്പുമന്ത്രി ഹാജരല്ല. അദ്ദേഹത്തിന്റെ വ്യക്തിപരമായ കാര്യത്തിൽ പങ്കെടുക്കുന്നതിനായി പോയതാണെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുണ്ടാകുമെന്ന് കരുതി, അദ്ദേഹവും ഇപ്പോഴാണ് വന്നത്. ഈ വിഷയം വളരെ ഗൗരവപൂർവ്വം കാണണം. ഏത് പാർട്ടിയുടെ നേതൃത്വത്തിൽ നടത്തുന്ന മിന്നൽ പണിമുടക്കുകളായാലും ഒരു കാരണവശാലും അവ അനുവദിക്കാൻ പാടുള്ളതല്ല. ഒരു സുപ്രഭാതത്തിൽ കുറെ ആളുകൾ ഇറങ്ങി മിന്നൽ പണിമുടക്ക് പ്രഖ്യാപിക്കുക, ഇതെല്ലാം ജനങ്ങളെ വലയ്ക്കുന്ന പ്രശ്നങ്ങളാണ്. ഇതെങ്ങനെ ന്യായീകരിക്കാൻ കഴിയും? ഇതാണോ സർക്കാർ കൂടെയുണ്ടാകുമെന്ന് നിങ്ങൾ പറഞ്ഞതെന്ന് ഞങ്ങൾക്ക് ഇപ്പോൾ ചോദിക്കേണ്ടിവന്നിരിക്കുകയാണ്. നൂറ് കണക്കിന് ആളുകൾ ബുദ്ധിമുട്ടി, പ്രയാസങ്ങൾ നേരിടുമ്പോൾ സർക്കാർ കൂടെയുണ്ടായിരുന്നോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ  പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

<u>ഡോ. എം. കെ. മുനീർ</u>: സർ, മൂന്ന് വിഭാഗം ആൾക്കാർ ഈ സംഭവത്തിൽ തുല്യ കുറ്റക്കാരാണ്. ഒന്ന്, പോലീസ് വകുപ്പ്, രണ്ട്, കെ.എസ്.ആർ.ടി.സി., മൂന്ന് ട്രാൻസ്പോർട്ട് വകുപ്പ്. പോലീസ് ഉദ്യോഗസ്ഥരാണ് പ്രശ്നത്തിന് തുടക്കം കുറിക്കുന്ന ആദ്യത്തെ കാരണക്കാരായി മാറിയത്. ഇവിടെ പറഞ്ഞതുപോലെ സ്വകാര്യ ബസ് തൃക്കണ്ണാപുരത്തുനിന്നും ഒൻപത് മണിക്ക് സർവ്വീസ് ആരംഭിച്ച് കിഴക്കേക്കോട്ടയിൽ 9.45-ന് എത്തിച്ചേരണം. പക്ഷേ 9.30-ന് ഗാന്ധിപാർക്കിൽ പാർക്ക് ചെയ്തിട്ട് ആറ്റുകാൽ അമ്പലത്തിലേയ്ക്ക് പോകാൻ കാത്തുനിന്ന ഭക്തജനങ്ങളെ ആ ബസ്സിൽ കയറ്റാൻ തുടങ്ങിയപ്പോഴാണ് സംഘർഷം ആരംഭിക്കുന്നത്. എന്നാൽ പോലീസുദ്യോഗസ്ഥർ സ്വകാര്യ ബസ്സുകളുടെ കൂടെനിന്ന് അവർക്ക് കടന്നുപോകുന്നതിനുള്ള അവസരമൊരുക്കി കൊടുക്കുകയും ഇതിനെ എതിർത്തവരുടെ പേരിൽ നടപടിയെടുക്കുകയും ചെയ്തു. അങ്ങനെ എ.ടി.ഒ.-യെ അടക്കം അറസ്റ്റ് ചെയ്യുന്ന അവസ്ഥയുണ്ടായി. ഇതിനെത്തുടർന്ന് കെ.എസ്.ആർ.ടി.സി.-യും പോലീസ് ഉദ്യോഗസ്ഥരും തമ്മിൽ ഏറ്റുമുട്ടലുണ്ടായി. കെ.എസ്.ആർ.ടി.സി. നടത്തുന്ന രണ്ടാമത്തെ മിന്നൽ പണിമുടക്കാണിത്. ഒരിക്കൽ കുടുംബശ്രീക്ക് ടിക്കറ്റ് റിസർവേഷൻ കൗണ്ടർ അനുവദിച്ചതിന്റെ പേരിൽ ഇതുപോലെ 8 മണിമുതൽ 12 മണിവരെ

മിന്നൽ പണിമുടക്ക് നടത്തി. മിന്നൽ പണിമുടക്ക് നടത്തുകയെന്നത് അവരുടെ ഒരു സ്വഭാവമായി മാറുകയാണ്. സത്യത്തിൽ ആറ്റുകാലിലെ ഭക്തജനങ്ങൾക്കുവേണ്ടി സർവ്വീസ് നടത്താൻ നിയോഗിക്കപ്പെട്ടവർക്ക് ദ്രോഹമായി മാറുന്ന സ്ഥിതിവിശേഷമാണ് ഇന്നലെയുണ്ടായത്. പി.എസ്.സി., സി.ബി.എസ്.സി., എസ്.എസ്.എൽ.സി. ഉൾപ്പെടെയുള്ള പരീക്ഷകളിൽ പങ്കെടുക്കാൻ പോകേണ്ട കുട്ടികൾ മുഴുവൻ ഇന്നലെ നടന്നുപോകേണ്ട സാഹചര്യമുണ്ടാകുകയും ആശുപത്രിയിൽ രോഗികൾക്ക് എത്തിച്ചേരാൻ കഴിയാത്ത സാഹചര്യമുണ്ടാകുകയും ചെയ്തു. മണിക്കൂറുകൾ നീണ്ടുനിന്ന ഗതാഗതക്കുരുക്കുണ്ടായിട്ട് അത് പരിഹരിക്കുന്നതിന് പോലീസ് തയ്യാറായില്ല. അവസാനം ജാമ്യമില്ലാ വകുപ്പുപ്രകാരം രജിസ്റ്റർ ചെയ്ത കേസ്, കെ.എസ്.ആർ.ടി.സി.-യുടെ സമ്മർദ്ദത്തിന്റെ ഫലമായി സ്റ്റേഷനിൽ വച്ചുതന്നെ ജാമ്യം അനുവദിച്ച് പറഞ്ഞയയ്ക്കുന്ന സ്ഥിതിവിശേഷമുണ്ടായി. മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും മൂക്കിനുതാഴെ ഇങ്ങനെയൊരു സംഭവം നടന്നിട്ട് ഒന്നും ചെയ്യാൻ സാധിച്ചില്ല. ഒരാളുടെ ജീവൻ നഷ്ടപ്പെടുന്നതിനും ഇടയായി. മരിച്ച കടകംപള്ളി സ്വദേശി സുരേന്ദ്രൻ 12.45-ന് തന്റെ പ്രതിഷേധം അറിയിച്ചു. ആ സമയത്ത് അദ്ദേഹത്തിന് പെട്ടെന്ന് ക്ഷീണം തോന്നുകയും രണ്ടുമണിയോടുകൂടി

അദ്ദേഹം തളർന്നുവീഴുകയും ചെയ്തു. അദ്ദേഹത്തിന്റെ ജീവൻ രക്ഷിക്കുന്നതിനായി തൊട്ടടുത്തുണ്ടായിരുന്ന ഒരു സ്ത്രീ പരിശ്രമിച്ചെങ്കിലും സാധിച്ചില്ല, മരണപ്പെടുകയാണുണ്ടായത്. മരിച്ചിട്ട് അദ്ദേഹത്തിന്റെ ബോഡി കിടത്തിയിരുന്നത് എവിടെയായിരുന്നുവെന്ന് അറിയാമോ? എ.കെ.ജി. സെന്ററിന്റെ അടുത്തായി സ്ഥിതി ചെയ്യുന്ന ജനറൽ ആശുപത്രിയിലായിരുന്നു. നിയമസഭ പിരിഞ്ഞതിനുശേഷം ഒന്നര മിനിട്ട് യാത്ര ചെയ്താൽ ജനറൽ ആശുപത്രിയിൽ എത്തുമായിരുന്നു. ഞങ്ങൾ അവിടെ എത്തിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് ഒറ്റ മന്ത്രിപോലും ഒന്നുപോയി അന്വേഷിച്ചില്ല. ഞങ്ങൾ ചെല്ലുമ്പോൾ അവരുടെ ബന്ധുക്കളാരും എത്തിയിരുന്നില്ല. അദ്ദേഹം ഞങ്ങളുടെ പാർട്ടിക്കാരനായിരുന്നുവെന്ന് ഇവിടെ പറഞ്ഞല്ലോ? എന്നാൽ ആരാണ് അവിടെ ആദ്യം എത്തിച്ചേർന്നത്? ഇൻക്വസ്റ്റ് തയ്യാറാക്കാൻപോലും പറ്റാത്ത അവസ്ഥയിൽ ആ മൃതശരീരം അനാഥമായി കിടക്കുന്ന കാഴ്ചയാണ് ഞങ്ങൾക്ക് കാണാൻ സാധിച്ചത്. ഇത്രയും ക്രൂരമായി ഇവിടത്തെ ജനങ്ങളോട് പെരുമാറാൻ അവരെന്ത് തെറ്റാണ് ചെയ്തത്? അതുകൊണ്ട് പോലീസിൽനിന്നും അതുപോലെ ഈ സമരത്തിന് ആഹ്വാനം നൽകിയ കെ.എസ്.ആർ.ടി.സി.-യിൽ നിന്നും നഷ്ടപരിഹാരം ഈടാക്കി ആ കുടുംബത്തിന് നൽകണമെന്നാണ്

ഞങ്ങൾക്കിവിടെ പറയാനുള്ളത്. ഇത് സർക്കാർ ഖജനാവിൽനിന്ന് നൽകാതെ സമരം ചെയ്ത് ഇത്തരത്തിലുള്ള ജീവഹാനി വരുത്തുന്നവരിൽനിന്നുതന്നെ നഷ്ടപരിഹാരം ഈടാക്കിയാൽ പിന്നെ ഇത് ആവർത്തിക്കില്ല. യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി ഈ ചർച്ചയിൽ സജീവമായി പങ്കെടുക്കേണ്ടതായിരുന്നു. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞത് അദ്ദേഹം അവിടെയിരുന്നുകൊണ്ട് ഇതെല്ലാം നിരീക്ഷിക്കുകയായിരുന്നുവെന്നാണ്. സത്യത്തിൽ അങ്ങ് അവിടെയിരുന്നുകൊണ്ട് നിരീക്ഷിക്കുകയല്ല വേണ്ടിയിരുന്നത്, ഇവിടെ വന്ന് ഗൗരവമായി എടുക്കേണ്ട ഒരു വിഷയമായിരുന്നു. ഈ വിഷയം ബഹുമാനപ്പെട്ട കടകംപള്ളി സുരേന്ദ്രൻ അവതരിപ്പിച്ചതിനെ ഞങ്ങൾ എതിർത്തതല്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നോട്ടീസ് നൽകിയിരുന്നത് മുഖ്യമന്ത്രിക്കായിരുന്നു. അദ്ദേഹത്തിൽനിന്നുള്ള ഒരു മറുപടിയായിരുന്നു ഞങ്ങൾ പ്രതീക്ഷിച്ചിരുന്നത്. ഏതായാലും ഈ സംഭവത്തെ വളരെ ഗൗരവമായ വിഷയമായി കാണണം. ജില്ലാ കളക്ടർപോലും നിഷ്ക്രിയമായി നിന്ന വിഷയത്തെപ്പറ്റി ഒരു ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിച്ച് കുറ്റക്കാരെ ശിക്ഷിക്കാനും അവരിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനുമുള്ള ശ്രമം നടത്തണം. ഒരു

നല്ല ചർച്ച നടന്നിരുന്നുവെങ്കിൽ അതിന് സാധിക്കുമായിരുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. പി. ജെ. ജോസഫ്: സർ, ഇത്രയും ഗുരുതരമായൊരു സ്ഥിതിവിശേഷം ഉണ്ടായിട്ട് അനങ്ങാതെ ഇരുന്നൊരു കളക്ടറെക്കൊണ്ട് അന്വേഷിപ്പിക്കാൻ തീരുമാനിച്ചത് അർത്ഥശൂന്യമാണ്. നടപടി എടുക്കാതിരുന്നത് കളക്ടറാണ്. ഡ്രൈവർ താക്കോലുമായി പോയാൽ പിന്നെ വണ്ടി അനങ്ങില്ലായെന്നാണോ; മിനിട്ടുകൾക്കുള്ളിൽ ആ വാഹനം സ്റ്റാർട്ട് ചെയ്യാൻ ഇവിടെ സംവിധാനമില്ലേ; തലങ്ങും വിലങ്ങനെയുമുള്ള വണ്ടികൾ മാറ്റാൻ പോലീസ് വിചാരിച്ചാൽ മിനിട്ടുകൾക്കുള്ളിൽ സാധിക്കുമായിരുന്നു. അതുകൊണ്ട്, പൂട്ടിയിട്ട് പോയതുകൊണ്ട് നടന്നില്ല എന്നതിന് യാതൊരു ന്യായീകരണവുമില്ല. മണിക്കൂറുകളോളം ഈ സംഗതിയുണ്ടായി. ഒരാളിന്റെ ജീവൻ നഷ്ടപ്പെട്ടു. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാത്തൊരു സർക്കാർ, അതിൽ എല്ലാവർക്കും ഉത്തരവാദിത്വമുണ്ട്. ആറേഴ് മണിക്കൂർ ഈ

സംസ്ഥാനത്തിന്റെ തലസ്ഥാനം സ്തംഭിപ്പിച്ചു. പോലീസിന്റെ ശക്തമായ ഇടപെടൽ ഉണ്ടായിരുന്നുവെങ്കിൽ ഇത് അവസാനിപ്പിക്കാമായിരുന്നു. ആരെങ്കിലും തോക്കോൽ കൊണ്ടുപോയാൽ പിന്നെ വാഹനം അനങ്ങില്ലേ; കളക്ടറെ ചുമതലപ്പെടുത്തിയ നടപടി അങ്ങേയറ്റം തെറ്റാണ്. അതിനേക്കാൾ വളരെ ഉത്തരവാദപ്പെട്ട ആളാണ് ഇത് അന്വേഷിക്കേണ്ടത്. കുറ്റക്കാരുടെ പേരിൽ നടപടി സ്വീകരിക്കണം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ വിവിധ വകുപ്പുകളുടെ വീഴ്ചയും പരാജയവുമാണ് ഇന്നലെ തലസ്ഥാനനഗരിയിൽ കാണാൻ കഴിഞ്ഞത്. സ്വകാര്യ ബസ്സുകൾ സമയക്രമം തെറ്റിച്ചും അനധികൃതവുമായിട്ടുള്ള ഓട്ടം ഇവിടെ മാത്രമല്ല, കേരളത്തിൽ എമ്പാടുമുണ്ട്. ഓവർസ്പീഡിൽ ഓടുന്നതടക്കമുള്ള എത്രയോ പരാതികൾ വരുന്നു. ആ പരാതികളിലേയ്ക്കൊന്നും കൃത്യമായുള്ള അഡ്രസിംഗ് വകുപ്പുകളുടെ ഭാഗത്തുനിന്നും ട്രാൻസ്പോർട്ട് വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. അത്

ചോദ്യം ചെയ്ത് വന്ന ഉദ്യോഗസ്ഥരെ കസ്റ്റഡിയിൽ എടുക്കുന്ന സമീപനം പോലീസിനുണ്ടായി. ഞാൻ അതിന്റെ പശ്ചാത്തലത്തിലേയ്ക്കൊന്നും പോകുന്നില്ല. എന്തായാലും എല്ലാ വകുപ്പുകളുടെ ഭാഗത്തുനിന്നും വലിയൊരു വീഴ്ച ഉണ്ടായിട്ടുണ്ട്. അതിന് രക്തസാക്ഷിയാകേണ്ടി വന്നത് ഒരു സാധാരണക്കാരനായ മനുഷ്യനും. തലസ്ഥാനത്ത് ഇത്തരത്തിൽ ഒരു വിഷയമുണ്ടാകുമ്പോൾ കൂടുതൽ ഗൗരവതരവും അടിയന്തരവുമായ ഇടപെടൽ സർക്കാരിന് നടത്താമായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി കടകംപള്ളി സുരേന്ദ്രൻ കമ്മീഷണറെ വിളിച്ച് സംസാരിച്ചു എന്നൊക്കെ പറയുന്നുണ്ട്. അതൊന്നും ഒരിടപെടലല്ല. അതിന്റെ ഗൗരവത്തെ സർക്കാരിന് മനസ്സിലാക്കാൻ കഴിയാതെ പോയി. മനസ്സിലാക്കാൻ കഴിഞ്ഞപ്പോൾ സമയം അതിക്രമിച്ചു. അതാണിവിടെ സംഭവിച്ചത്. ഇതൊരു അനുഭവമായി എടുത്തുകൊണ്ട് സർക്കാർ ഇത്തരത്തിലുള്ള കാര്യങ്ങളെ, പ്രത്യേകിച്ച് മിന്നൽ പണിമുടക്കുകളെ ശക്തമായി നേരിടാനുള്ള സമീപനമുണ്ടാകണം. കെ.എസ്.ആർ.ടി.സി. എങ്ങനെയൊക്കെ നശിക്കാമോ എന്നതിനെ സംബന്ധിച്ച് ഗവേഷണം നടത്തുന്ന സമ്പ്രദായം ഇപ്പോഴുമുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ അവസ്ഥയൊക്കെ നമ്മൾ ഒരുപാട് ചർച്ച ചെയ്തതാണ്. കെ.എസ്.ആർ.ടി.സി. പൊതുസമൂഹത്തിന്റെ മുമ്പിൽ

കൂടുതൽ കളങ്കിതമായിരിക്കുന്നു എന്നുള്ളത് വാസ്തവമാണ്.

ഒരു മനുഷ്യൻ മരണപ്പെടുമ്പോൾ അയാൾക്ക് സി.പി.ആർ. കൊടുക്കുന്ന പടമാണ് ഇന്ന് മലയാള മനോരമ ദിനപത്രത്തിൽ അടിച്ചുവന്നിരിക്കുന്നത്. പ്രഥമ ശുശ്രൂഷയെ സംബന്ധിച്ച് ഗൗരവമായി ചിന്തിക്കേണ്ട സന്ദർഭവുമാണിത്. ജനംകൂടുന്ന സ്ഥലങ്ങളിൽ എങ്ങനെ ഇത്തരത്തിൽ വരുന്ന പ്രതിസന്ധികളെ മറികടക്കാൻ കഴിയും എന്നതിനെ സംബന്ധിച്ചും ആരോഗ്യവകുപ്പും ബന്ധപ്പെട്ട വകുപ്പുകളും കൂടുതൽ ഗൗരവമായി ചിന്തിക്കണം. ഇതിനെ സംബന്ധിച്ച യൂണിറ്റുകൾ ഒരോരോ സ്ഥലങ്ങളിൽ, റെയിൽവേസ്റ്റേഷൻ, ബസ് സ്റ്റാൻഡുകൾ, ടെർമിനലുകൾ, ജനംകൂടുന്ന സ്ഥലങ്ങളിൽ, പൊതുസമൂഹം വരുന്ന സ്ഥലങ്ങളിൽ ഇടപെടാൻ കഴിയുന്ന രീതിയിൽ... സി.പി.ആർ. കൃത്യമായ സമയത്ത്, കൃത്യമായ നിലയിൽ ഈ മനുഷ്യന് നൽകിയിരുന്നുവെങ്കിൽ ഒരുപക്ഷേ ജീവൻ രക്ഷിക്കാമായിരുന്നു എന്നത് വാർത്തകൾ വായിക്കുമ്പോൾ മനസ്സിലാക്കാൻ കഴിയുന്ന ഒന്നാണ്. എന്തായാലും ഇക്കാര്യത്തിൽ എല്ലാ വകുപ്പുകളിലെയും പരാജയം ഇക്കാര്യത്തിലുണ്ട്. സർക്കാരിന്റെ ശക്തമായ ഇടപെടൽ ഉണ്ടാകാത്തതാണ് ഒരു വലിയ ദുരന്തത്തിലേയ്ക്ക് തലസ്ഥാനത്തെ കൊണ്ടെത്തിച്ചത്. ഇക്കാര്യം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ

വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, നേരത്തെ ചൂണ്ടിക്കാണിച്ചതു പോലെത്തന്നെ നമ്മുടെ സംസ്ഥാനത്തിന്റെ തലസ്ഥാനത്ത്, അതും നഗരത്തിന്റെ ഹൃദയഭാഗത്ത് ഇത്രയും അരാചകത്വം സൃഷ്ടിക്കുന്ന തരത്തിലുള്ള ഒരു സാഹചര്യമുണ്ടാക്കി. ഭരിക്കുന്ന ആളുകളും ചുമതലപ്പെട്ട ആളുകളും എല്ലാം ഇവിടെ സന്നിഹിതരാണ്. എന്നിട്ടും ഒരു നടപടിയും എടുക്കാതെ ഒരു അരാചകത്വത്തിലേയ്ക്ക് നാടിനെ വിട്ടുകൊടുക്കുന്ന സാഹചര്യമുണ്ടായി. ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് തീർച്ചയായും അപലപനീയവും പൂർണ്ണമായ പരാജയവുമായിരുന്നു. ഇതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)